പീഡാനുഭവയാഴ്ചയിലെ

പ്രാർത്ഥനകൾ

Very. Rev. Dr. V. C. Samuel Teruh,
40/G, Edayil, Mangaram,
P. O. Konni - 689 691.
0473-342113

1974

PRINTED IN INDIA AT [illegible] NALATHRA PRINTERS, KOTTAYAM-1

പീഢാനുഭവ ആഴ്ചയിലെ തിങ്കളാഴ്ചമുതൽ വെള്ളിയാഴ്ചവരെയുള്ള സന്ധ്യാപ്രാത്ഥനകൾ, വെള്ളിയാഴ്ച മൂന്നും, ആറും, ഒമ്പതും മണിനേരങ്ങളിലെ യാമപ്രാത്ഥനകൾ, സ്ലീബാവന്ദനവിൻെറ ക്രമം ഇവ ആഡിസ് അബാബായിലെ ഇൻഡ്യൻ ഓത്തഡോക്സ് കോൺഗ്രിഗേഷൻെറ ആവശ്യത്തിലേക്ക്

റവ. ഡോ. വി. സി. ശമുവേൽ

സുറിയാനിമൂലത്തിൽനിന്നു സ്വതന്ത്രമായി തർജ്ജിമ ചെയ്തും നിലവിലുള്ള പരിഭാഷകളിലെ ചില ഭാഗങ്ങൾ ചേത്തും ക്രോഡീകരിച്ചതു്. പ്രത്യേകമായ ഉപയോഗത്തിലേക്കുമാത്രമുള്ള ഈ പ്രസിദ്ധീകരണം വില്പനയ്ക്കായി ഉദ്ദേശിച്ചുള്ളതല്ല.

1974

Very. Rev. Dr. V. C. Samuel Forum,
4073, Edayil, Mangaram,
P. O. Konni - 689 691.
0468 - 343113

തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക
ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

ആകാശവും ഭൂമിയും തന്റെ മഹിമകൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുറാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ: ഉയരങ്ങളിൽ ഓശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്ച വാഴ്ത്തപ്പെട്ടതാകുന്നു.

ഹാശായാലടിയാർ പിഴപോക്കിയ മ്ശിഹാ!
കർമ്മം കൈക്കൊണ്ടാശിഷമിങ്ങേകണമേ.

(മൂന്നുപ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം താതനും
മഹിമാവന്ദനകൾ ശുദ്ധാത്മാവിന്നും.
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമുറിശ്ലേം വാത് [illegible] ള്ളിൽ നിൻ
സിംഹാസനമണയണമീപ്രാർത്ഥന മശിഹാ
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യശരണവുമേ! സ്തോത്രം ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ.

ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമീൻ.

ആരംഭ പ്രാത്ഥന

ദൈവമായ കത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പീഡയിൽ കഷ്ടതയനുഭവിക്കുവാനും, ഞങ്ങളെപ്രതിയുള്ള നിൻെറ താഴ്ചയിൽ ഐകരൂപ്യം പ്രാപിക്കുവാനും, ഞങ്ങൾക്കായുള്ള നിൻെറ ക്രൂശുമരണത്തിൽ പ്രശംസിക്കുവാനും, ഞങ്ങളുടെ രക്ഷയെപ്രതി നീ അനുഭവിച്ച മുറിവുകളാൽ സൗഖ്യം പ്രാപിക്കുവാനും, ഞങ്ങളുടെ മരണാവസ്ഥയെ ഉദ്ധരിക്കുന്ന നിൻെറ മരണത്താൽ ജീവിക്കുവാനും, അതുമൂലം നിന്നോടുകൂടെ ആനന്ദിക്കുവാനും, ഞങ്ങൾക്കിടയാക്കണമേ. ഞങ്ങളുടെ കത്താവും നിത്യദൈവവുമേ! ക്ലേശിതരായ ഞങ്ങൾക്കു സന്തോഷം പ്രദാനംചെയ്യുന്ന നിൻെറ പുനരുത്ഥാനത്തിൽ ഞങ്ങൾ ആമോദിക്കുമാറാകണമേ. മോറാൻ...

51-ാംസങ്കീത്തനം

"ഹൗ ദഹൈ ാ ബു ക്രൊ" എന്ന രാഗത്തിൽ

തിരുവിഷ്ടാൽ-പീഡയ്ക്കായ് വന്നു
ക്രൂ-ശാൽ ലോകം രക്ഷിച്ച
ദേവാ ദയചെയ്തീടണമേ.

ആഗതനായ് തി-രുമേനിയിൽ
ദു-ഷ്ടാന്തങ്ങൾ നിവത്തിച്ച
ദേവാ......

യെരുശലേമിൽ–ശ്ലീഹർ പീഡ
കാ-ണുന്നതു മുന്നോതിയ
ദേവാ,,,,,,

സർവ്വത്തിന്നും-ദൈവമായോൻ
തൻഹിതത്താൽ മർത്ത്യനായ്
ദേവാ ..
ബാറെക്മോർ.

പരിഹാരംചെയ്യും യാഗത്താൽ
താതൻ ലോകരമ്യംചെയ്ത
ദേവാ ..
കുറിയേലൈസോൻ.

സങ്കീർത്തനം

കർത്താവേ! നിന്നെ......

"ഈത്തൊ ദബ്ഹാശോക്" എന്ന
രാഗത്തിൽ

നിൻ പീഡയിൽ ക്ലേശിച്ച സഭ
മോദിക്കുമുത്ഥാനേ
തൽ മക്കൾ നിന്നിൽനിന്നും
ഏല്ക്കുമനുഗ്രഹം.

താഴ്ചയ്ക്കായ് വന്നോൻ മ്ശിഹായേ
ഏററു ചൊല്ലുക സഭയേ
ഗോഗുൽത്തായേൽ ക്രൂശിൽനിൻ
രക്ഷാർത്ഥമവനേറി.

സഭയതിൻ മക്കളോടൊപ്പം
കേഴുന്നു രക്ഷകാ
ഇടയാ! നീയതിനായ് ക്ലേശിച്ചു
തൽ പ്രാർത്ഥനകേൾക്ക.

നിന്നേ വധിപ്പാനായ് വന്നോരും
പൂകും നിൻ രാജ്യേ
നിന്നെയും പീഡകളെയുമേററോ—
രൊപ്പം നിൻ കൃപയാൽ.

വാനിൽ മണവാളന്നറതന്നിൽ
ചേർന്നോരാം നിങ്ങൾ
ദീപേഷ്ടികളെ ശോഭിപ്പിൻ
തൻ കൂടാനന്ദിപ്പാൻ.
ബാറെക്മോർ.

താഴ്ചയിൽ വന്നോരത്യുന്നതന്നു്
സ്തുതിപാട്ടക സഭയേ
ഗോഗുൽത്തായിൽ ക്രൂശിന്മേൽ
നിൻ രക്ഷയ്ക്കേറി
സ്ലൌമെൻ കാലോസ് — കുറിയേലൈസോൻ.

പ്രൊമ്യോൻ

ഞങ്ങളെ ക്ലേശരഹിതരും അമർത്ത്യരുമാക്കിത്തീർക്കുവാൻവേണ്ടി മനുഷ്യാവതാരത്തിൽ തിരുവിഷ്ടത്തോടെ പീഡയനുഭവിക്കുകയും, കഷ്ടാനുഭവത്താൽ ഞങ്ങളുടെ കടഭാരത്തെ നീക്കുകയും ചെയ്യുവനായി നിജസ്ഥിതിയിൽ കഷ്ടതസ്തുതീതനും; ക്ലേശത്തിനധീനമായ ഞങ്ങളുടെ വർഗ്ഗത്തിന്നു ക്ലേശാനുഭവത്തിൽനിന്നും വിട്ടുതൽ നല്കിയവനും; പവിത്രമായ തൻെറ പീഡാനുഭവത്താൽ മേലുള്ളവരെയും താഴെയുള്ളവരെയും തമ്മിൽ രമ്യപ്പെട്ടുത്തിയവനും ആയ കർത്താവേ! നിനക്കു സ്തുതി. നിനക്കു സന്ധ്യാപ്രാർത്ഥനയുടെ......

സെദ്രൊ

ഞങ്ങളുടെ ദൈവമായ മ്ശിഹാ! നീ കാരുണ്യവാനും കൃപയും സത്യവും വളരെയുള്ളവനുമാകുന്നു. വ്യാപാരപ്രകാരം മനുഷ്യരുമായി സഹവസിച്ച നീ ദയാലുവും ദീർഘക്ഷമയുള്ളവനും മനുഷ്യരെ സ്നേഹിക്കുന്നവനുമാകുന്നു. സ്വാഭാവികമായി കഷ്ടതക്കും ക്ലേശങ്ങൾക്കും അതീതനായ നീ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തിരുവിഷ്ടത്തോടെ ജഡത്തിൽ പീഡയേററു. പാപചിന്തകൾക്കു കീഴ്പെടാതെ, അവയെ ഞങ്ങളുടെ ആത്മാക്കളിൽനിന്നും നിഷ്കാസനം ചെയ്യണമെന്നു ഞങ്ങളെ നീ പഠിപ്പിച്ചു. നിൻെറ പീഡാനുഭവ

ത്താൽ ഞങ്ങൾ രക്ഷിക്കപ്പെട്ടുകയും, നീയേററ അടികളാൽ ഞങ്ങൾ സൗഖ്യം പ്രാപിക്കുകയും, നിൻെറ മുറിവുകളാൽ ഞങ്ങൾ സ്വതന്ത്രരാകുകയും ചെയ്തിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. നിനക്കു ഞങ്ങൾ സ്തോത്രം അർപ്പിക്കുന്നു. നിന്റെ ക്ലേശാനുഭവത്തെ ഞങ്ങൾ ആശ്ലേഷിക്കുന്നു. ഞങ്ങൾ സന്തോഷപൂർവ്വം ഇപ്രകാരം അട്ടഹസിച്ചു പറയുന്നു.

പാപത്തിൻെറ അശുദ്ധമായ വികാരങ്ങളെയും പരീക്ഷകളെയും ജയിക്കുവാൻ ഞങ്ങൾക്കു പ്രചോദനവും ശക്തിയും നല്കിയ രക്ഷാകരവും പരിശുദ്ധവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. വാർദ്ധക്യം ഭവിക്കാത്ത പുതിയ ജീവൻ ഞങ്ങൾ കണ്ടെത്തുന്നതിനു് ഉപാധിയായിത്തീർന്ന ഞങ്ങളുടെ ദൈവത്തിൻെറ പരിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. സർവ്വ ആത്മീയ സൗഭാഗ്യവും ഞങ്ങൾ പ്രാപിക്കുവാൻ സഹായിക്കുന്ന മാർഗ്ഗം തുറന്നുതന്ന ഞങ്ങളുടെ ദൈവത്തിന്റെ രക്ഷാകരമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങൾക്കു സ്വർഗ്ഗത്തിലേക്കുള്ള വഴിയും പാതയുമായിത്തീർന്ന ഞങ്ങളുടെ ദൈവത്തിൻെറ പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങൾക്കു രക്ഷയുടെ ആയുധമായിത്തീർന്ന മ്ശിഹായുടെ പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. തിന്മയെ ജയിക്കുവാനുള്ള കഴിവും ബലവും ഞങ്ങൾക്കു പ്രദാനംചെയ്യുന്ന ഞങ്ങളുടെ ദൈവത്തിൻെറ പരിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. പാപത്തിൻെറ അലകളിൽനിന്നും ചുഴലികളിൽനിന്നും ഞങ്ങൾക്കു രക്ഷാസങ്കേതമായിത്തീർന്ന പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. നാനാതരത്തിലുമുള്ള സഹായങ്ങൾ ഞങ്ങൾക്കു പ്രദാനംചെയ്യുന്ന പരിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ആദാമിൻെറ സ്വരൂപം നവ്യമായ പുതുക്കം പ്രാപിക്കുന്നതിനു മാർഗ്ഗമായിത്തീർന്ന പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങൾ വിശുദ്ധീകരണവും നീതീകരണവും അനുഭവപ്പെട്ടുത്തുവാൻ

ഉപാധിയായിത്തീന്ന പരിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഇന്നു നാനാഭാഗങ്ങളിലുമുള്ള സവ്വജാതികളും രാജാവിനെപ്പോലെ പ്രകീത്തിക്കുന്ന മ്ശിഹായുടെ പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. മനുഷ്യവഗ്ഗം മുഴുവൻെറയും രോഗങ്ങളും വേദനകളും സൗഖ്യം പ്രാപിക്കുന്നതിനിടവരുത്തിയ പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങൾ ഭൂമിയിൽനിന്നും സ്വഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കിയ പരിശുദ്ധവും രക്ഷാകരവുമായകഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. സ്വർഗ്ഗീയരുമായി ഞങ്ങൾക്കു താദാത്മ്യം നല്കിയ പരിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ! സമാധാനത്തോടെ വരിക.

ഞങ്ങളുടെ ദൈവമായ മ്ശിഹാ! ഞങ്ങൾക്കുവേണ്ടി തിരുവിഷ്ടത്തോടെ ജഡത്തിൽ ക്ലേശമേറ്റവനായ കത്താവേ! ഞങ്ങൾ നിന്നോടു പ്രാത്ഥിക്കുന്നു. നിന്റെ പീഡയെ ആശ്ലേഷിക്കുവാനും, നിന്റെ അപമാനത്തെ വഹിക്കുവാനും, നിന്റ താഴ്മയിൽ അനുരൂപപ്പെടുവാനും, നിൻെറ ക്രൂശിൽ പ്രശംസിക്കുവാനും, ഞങ്ങളെ യോഗ്യരാക്കണമേ. നിൻെറ കരുണയാൽ ഞങ്ങൾ പാപമോചനത്തിനർഹരായിത്തീരണമേ. ഞങ്ങൾ നിൻെറ വിരുന്നിൽ തോഴന്മാരും, നിൻെറ മണവറയിൽ ക്ഷണിക്കപ്പെട്ടവരും ആയി ഭവിക്കണമേ. ഞങ്ങളും ഞങ്ങളുടെ പരേതരും നിൻെറ വലത്തുഭാഗത്തുനിന്നുകൊണ്ടു നിൻെറ കരുണ ദർശിക്കുകയും, നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേററുകയും ചെയ്യുമാറാകണമേ. ഹോശോ......

മെൻ ആലോഹൊ......

"ക്കുക്കോയൊ"

വിശ്വാസിനിയാം ശുദ്ധസഭേ! സ്തുതിയർപ്പിക്കുക നീ
ക്ലേശമേററതിനാൽ നിന്നേ വീണ്ടോ നാം സ്വതന്ത്
സഹിച്ചവൻ നിന്ദ-നിന്നേ രക്ഷിപ്പാൻ:
മുൾമുടി തലയിൽ-ഏററവൻ നിൻപേക്കായ്:

ക്രൂശിന്മേലവൻ മരണാത്ഥം സ്നേഹത്താലേറി
തന്മൂലം ലോകത്തിൽ നീ സ്നേഹത്തിൻമാഗ്ഗം,
ഹാലേലുയ്യാ—എന്നും ഘോഷിപ്പാൻ.
ബാറെക്മോർ.

ക്രൂശിൽ മൃത്യു ഏറ്ററോനാം ദൈവത്തിൻപുത്രൻ
തൻ സ്നേഹത്തീന്നെന്നേയാർ വേർപെടുത്തീടും?
ഇദമോതുന്നു—സഭ തന്നോടായ്:
സ്നേഹത്തിൻ മാ—ഗ്ഗം കാണിച്ചെന്നേ:
നരവർഗ്ഗം പുലർത്തേണ്ടതാമാ ജീവിതാദർശം
ലോകത്തിലുദ്ഘോഷിപ്പാനർപ്പിക്കുന്നേൻ ഞാൻ.
ഹലേലുയ്യാ—നാഥാ! നിൻപേക്കായ്.

എത്രൊ

കത്താവേ! നിൻെറ കരുണയാൽ നിൻെറ പരിശുദ്ധ സഭയുടെ ധൂപം കൈക്കൊള്ളണമേ. നിൻെറ പീഡാനുഭവത്തെ വന്ദിച്ചു സ്തുതിക്കുകയും, നിൻെറ മുറിവുകളെ ചുംബിച്ചു് ആശ്ലേഷിക്കുകയും, നിന്റെ ക്രൂശിൽ സന്തോഷിച്ചു പുകഴുകയും ചെയ്യുന്ന നിൻെറ ജനത്തിൻെറ പ്രാത്ഥനയിൽ പ്രീതിപ്പെടണമേ. നിൻെറ സഭയുടെ കൊമ്പിനെ നാനാഭാഗങ്ങളിലും ഉയത്തണമേ. നിൻെറ സഭ സ്തോത്രഗാനങ്ങളാകുന്ന മാധുയ്യഫലങ്ങളെ നിനക്കു സദാ സമർപ്പിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇടവിടാതെ അർപ്പിക്കുമാറാകണമേ.

ഹോശൊ......

"ബോത്തെദ്ഹാശൊ"

ഞങ്ങൾക്കായ് നീ—യേററൊരു പീഡാ
താഴ്ചകളേററം—ധന്യം നാഥാ

നിൻ പീഡയെവ—ണ്ണിപ്പാനായ്
എൻ കിന്നരം—ചലിപ്പിക്ക
നിൻ കൃപയെന്നിൽ—മാഞ്ഞീടരുതെ;

മുതിയിൻഫല.-പ്രാപിച്ചീടാൻ
നിൻ പീഡയിൽ ഞാൻ-പൂകി നാഥാ.

ദൈവാത്മജ പീ-ഡാനുഭവവും
വധവും വിവ-രിക്കുന്നതു്
തൽപ്രേമിക്കു-ജീവാസ്ഥാനം:
അടിമത്തത്തിൽ-പതിക്കപ്പെട്ടോൻ
ഈരാജാവാൽ-രക്ഷിതനായി.

ദൈവത്വത്തിൻ-നിജസ്ഥിതിയിൽ
അവൻ വന്നെങ്കിൽ-ആരെതിർത്തീട്ടും
ഞങ്ങൾക്കായ് ക്ലേ—ശം താനേററു:
സർവ്വർക്കും ജീ-വനേകാനായ്
മൃതിയെ താൻ കൈവരിച്ചു.

ലോകം വിധിപ്പാൻ-വന്നീടുമ്പോൾ
വിധിചെയ്യരുതെ—ഞങ്ങളെ നാഥാ.

"മാർ യാക്കോബിൻെറ ബോവൂസൊ"

പീഡ, ക്രൂശാൽ-മൃത്യുവിന്നായ്-വന്ന മ്ശിഹാ!
യാചന കേ-ട്ടീ ദാസരി-ലൻപുണ്ടാക.
ദേവാ ദയയുണ്ടാകേണം
നാഥാ കൃപ തോന്നേണമൻപാൽ.

ആചാര്യനു-മർപ്പിതമാം-യാഗവും താൻ
ശ്രേഷ്ഠാചാര്യൻ-ഊനമില്ലാ-ത്താദ്യഫലം.
അർപ്പിക്കുന്നോൻ-സ്വീകാരകൻ-ബലിനാഥൻ.
വധിതമാം-കുഞ്ഞാട്ടും ബ-ലികളെല്ലാം
സ്വീകരിക്കും-ആചാര്യനു-മവൻതന്നെ.
ദേവാ......

സ്തുതിരക്ഷ-ക്കായ് പുത്രനെ-തന്നോൻ താതാ!
വണക്കം തി-ന്മയെ മായി-ച്ചോനാം പുത്രാ!
തൻ മഹിമ-യെല്ലാപ്പോഴും-കീർത്തിക്കുവാൻ

സഭയെ തി:രഞ്ഞെടുത്താ-ത്മാവേ! സ്തോത്രം.
ത്രിത്വത്തിലേ-കമാം നാഥാ! കീർത്തനം തേ.
ദേവാ......

നാഥാ! ഭുവാ-നം നിൻ പീഡ-യിൽ ക്ലേശിച്ചു.
മാനോർ വാനോർ-നിൻ താഴ്മയിൽ വിസ്മയിച്ചു.
ദേവാ......

എവൻഗേലിയോൻ

മോറാൻ യേശു മ്ശിഹാ.. ...

ഹാശായാലടിയാർ......

വിശ്വാസപ്രമാണം.

ചൊവ്വാഴ്ച സന്ധ്യാപ്രാത്ഥന

കൗമാ: ഹാശായാൽ കഷ്ടതയേററ സഭ
മോദിക്കുമുത്ഥാനേ
തൽപ്രജകൾ നിന്നീന്നേല്ലും
കാരുണ്യം നാഥാ
(മൂന്നുപ്രാവശ്യം)

നാഥാ! തേസ്തുതിയും......

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

പ്രാരംഭപ്രാത്ഥന

നിഷ്കളങ്കനും മാലിന്യരഹിതനുമായ കത്താവേ! കൊലയ്ക്കായി നീ നയിക്കപ്പെട്ടപ്പോൾ, താഴ്മമൂലം അനങ്ങാതെ നീ മൗനമവലംബിക്കുകയും, സ്വയം ബലിയായി അപ്പിച്ച് അതുമൂലം ലോകത്തിന്റെ പാപത്തെ നീ ചുമക്കുകയുംചെയ്തു. ജീവദായകമായ നിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സാദൃശ്യം ധരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ഞങ്ങളുടെ കത്താവും നിത്യദൈവവുമേ! സ്തുതിഗീതങ്ങളാൽ നിനക്കു സ്തോത്രബലി അണയ്ക്കുവാനും, നിന്റെ പുനരുത്ഥാനദിവസത്തിൽ സന്തോഷിക്കുവാനും ഞങ്ങൾക്കു കൃപനല്കണമേ.

മോറാൻ വാലോഹാൻ......

51-ാംസങ്കീത്തനം

"ഹൗ ദഹൈവാ ബുക്രൊ"

പീഡാനുഭവ-ത്താൽ സവ്വ
പാ-പങ്ങളും മോചിച്ച
ദേവാ......

രക്ഷാൎത്ഥ മെ-ങ്ങൾക്കായ് വന്നു്
തെ-ററിൽനിന്നും വീണ്ടവനാം
ദേവാ......

വഞ്ചക-ദുഷ്ടനേ വീഴി-
ച്ചെ-ങ്ങൾക്കുന്നതി തന്ന
ദേവാ......

ജാഗരൂകരായ്-പ്രാൎത്ഥിപ്പിൻ
ശി-ഷ്യരോടിദം ചൊന്ന
ദേവാ......

പീഡാനുഭവ-ത്താൽ സഭയേ
വീ-ണ്ട രക്ഷകാ സ്തുതി
ദേവാ......

ബാറെക്മോർ.

താതസുതാ-ത്മാവാമേക
സ-ത്യദൈവമേ സ്തോത്രം.
ദേവാ......

സങ്കീൎത്തനം

കൎത്താവേ! നിന്നെ......

"ബ്ഹൗനഹ്റോ ഗായോ"

വിശ്വസ്ത സഭേ മ്ശി-ഹാ നാഥന്നു
സ്തോത്രമൎപ്പിക്ക
തിരുവിഷ്ടാൽ താ-ഴ്ചയ്ക്കായ് വന്നു
നിന്നേയവൻ വീണ്ടു.
ജാതിയിൻ പു-ത്രിയാം സഭേ!
അത്യുന്നതസുതന്നു
സ്തുതിപാടുക ക്രൂ-ശിൻപീഡയാൽ
നിന്നേ വീണ്ടതിനാൽ.
രക്ഷകാ യേ-ശുനാഥാ നിൻ
താഴ്ചയ്ക്കായ് സ്തോത്രം
രക്ഷയ്ക്കായ് നി-ന്നേതന്നോ നാം
താതൻ സംസ്തുത്യൻ.

സൃഷ്ടികളെയെ-ല്ലാം താങ്ങും
ശക്തന്നു സ്തോത്രം.
രക്ഷയേകാ-നായ് വന്നോനേ
ക്രൂശ്മരം പേറി.
ജാതിയിൻ പു-ത്രി മ്ശിഹായ്ക്കു
സ്തുതിയർപ്പിക്കുക നീ
ക്രൂശ്മരണ-ത്താലവനേകി
സൃഷ്ടികൾതൻ വിട്ടുതൽ
ബാറെക്മോർ

ഒരുമിച്ചർപ്പി-ക്കുക സ്തോത്രം നാം
സ്തുതിയും വന്ദനവും
അത്യുന്നത-നാം ത്രീയേക
കർത്താധികർത്തന്നു്.

സ്തൗമെൻ കാലോസ്—കുറിയേലൈസോൻ.

പ്രൊമ്യോൻ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വ്യാപാരപ്രകാരം കൃപാപൂർവ്വം ജഡത്തിൽ പീഡയേററവനും; മനുഷ്യരെ സ്നേഹിച്ചതുമൂലം ഒരു കുററവാളിയെപ്പോലെ വിധിയേററവനായി വംശങ്ങളെയും തലമുറകളെയും നീതിയോടുകൂടെ ന്യായംവിധിക്കുന്നവനും; ഗോഗുൽത്തായുടെ മുകളിൽ സ്വയം ബലിയർപ്പിച്ചവനായി,പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊരുമിച്ചു, വിശുദ്ധമായി അർപ്പിക്കപ്പെടുന്ന ബലികളെ സ്വീകരിക്കുന്നവനും ആയ കർത്താവേ! ദൈവമായ നീ സകല ക്ലേശങ്ങളിൽ അതീതമായി സ്ഥിതിചെയ്യുന്നവനാകുന്നു. നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. താഴ്ചവരിച്ചവനായ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു; നിൻെറ ദയയോടു ഞങ്ങൾ യാചിക്കുന്നു. ഈ ധൂപം തിരുസന്നിധിയിൽ അർപ്പിക്കുന്ന പാപികളായ ഞങ്ങളുടെ അപരാധങ്ങൾ മോചിക്കുകയും, അകൃത്യങ്ങൾ മായിക്കുകയും, പരേതർ സൽസ്മരണ പ്രാപിക്കുകയും ചെയ്യുമാറാകണമേ. സന്ധ്യാപ്രാൎത്ഥനയുടെ ഈ സമയത്തും.... ..

സെദ്രൊ

ഞങ്ങളുടെ ദൈവമായ മ്ശിഹാ! നീ കരുണാസമുദ്രവും അളന്നതീക്കുവാൻ സാദ്ധ്യമല്ലാത്ത ദയയിൻ അഗാധവുമാകുന്നു. രക്ഷണ്യമായ ക്രൂശിലെ പീഡാനുഭവത്തോളം നിൻെറ കരുണ നിന്നെ താഴ്ത്തി. നീ അനുഭവിച്ച കഷ്ടതയും താഴ്ച്ചയുംമൂലം സമ്പൂർണ്ണമായ രക്ഷയും അനശ്വരമായ ജീവനും ഞങ്ങൾക്കു നീ പ്രദാനംചെയ്തു. ജീവപ്രദമായനിന്റെ പീഡാനുഭവത്തെ ഞങ്ങൾ സ്മരിക്കുകയും, രക്ഷാകരമായ നിൻെറ താഴ്ച്ചയെ സ്തുതിക്കുകയും, പരിശുദ്ധ രഹസ്യങ്ങൾ നിറഞ്ഞിരിക്കുന്ന നിൻെറ ക്രൂശിനെ ഞങ്ങൾ വന്ദിക്കുകയുംചെയ്തുകൊണ്ടു്, സന്തോഷപൂർവ്വം പരിശുദ്ധാത്മഗാനങ്ങളാൽ ഞങ്ങൾ ശബ്ദമുയർത്തി പറഞ്ഞുകൊള്ളുന്നു.

ക്ലേശങ്ങളെ അനുഭവിച്ചുകൊണ്ടു് അതുമൂലം ഞങ്ങളുടെ കഷ്ടതകളെ നിർമ്മാർജ്ജനംചെയ്ത രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ഞങ്ങളെ പറുദീസായിലേക്കു തിരികെവരുത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. യൂദാസ്കറിയോത്താ തന്റെ നാഥനെ ഒററിക്കൊടുക്കുവാനിടയായ രക്ഷയെ പ്രദാനംചെയ്യുന്ന പീഡാനുഭവം ഇതാകുന്നു. ന്യായാധിപന്മാരുടെ ന്യായാധിപതിയായവൻ ഒരു കുററവാളിയെന്നവണ്ണം വിധിയേററ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ശ്ലീഹന്മാരെ പരിശുദ്ധ പെസഹാഭക്ഷണത്തിനായി കൂട്ടിവരുത്തിയ രക്ഷണ്യമായ പീഡാനുഭവം ഇതാകുന്നു. നമുക്കു മഹിമയേറിയ പുനരുത്ഥാനത്തിൻെറ ഉറപ്പുനല്കിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. നീതിമാനായ കർത്താവു കവിളത്തടിയേററ രക്ഷണ്യമായ പീഡാനുഭവം ഇതാകുന്നു. ആകാശവിതാനത്തിൽ ശോഭിതഗോളങ്ങൾ ഇരുളടഞ്ഞ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. മനുഷ്യവർഗ്ഗത്തിന്നു ദൈവികകൃപയെ ദാനംചെയ്ത രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. ക്രൂശകർ രക്ഷാനാഥന്നു കൈയ്യും ജീവദായകന്നു കാടിയും കൊടുത്ത രക്ഷണ്യമായ കഷ്ടാനുഭവം ഇതാകുന്നു. സൃഷ്ടികളുടെ ആദിഭൂതങ്ങൾ എല്ലാം വിറകൊള്ളുവാനിടയായ രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു. മറഞ്ഞിരുന്ന രഹസ്യങ്ങൾ വെളിവാക്കിയ രക്ഷണ്യമായ കഷ്ടാനുഭവം

ഇതാകുന്നു. അദൃശ്യനും അത്യുന്നതനുമായ പിതാവിൻെറ മഹത്വം ക്രൂശിന്മേൽ പ്രകീർത്തിക്കപ്പെട്ട രക്ഷാകരമായ പീഡാനുഭവം ഇതാകുന്നു.

കർത്താവേ! ബലഹീനരും പാപികളുമായ ഞങ്ങൾ നിന്റെ മഹിമയേറിയ പീഡാനുഭവത്തിൻ സ്മരണയെ നിവർത്തിച്ചുകൊണ്ടു പ്രാർത്ഥിച്ചുകൊള്ളുന്നു. തിരുസന്നിധിയിലർപ്പിക്കുന്ന ഈ ധൂപത്തോടൊപ്പം ഞങ്ങൾ നിന്നോട്ട് അപേക്ഷിക്കുന്നു. പീഡാനുഭവത്തിനും മരണത്തിനുംവേണ്ടി വരുവാൻ നിന്നെ പ്രേരിപ്പിച്ച നിൻെറ കരുണയാൽ ഞങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും മോചിച്ചു ക്ഷമിക്കണമേ. ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും ഞങ്ങളെ ശിക്ഷണബോധമുള്ളവരാക്കണമേ. ജീവദായകമായ നിൻെറ കബറടക്കത്തിനു നിനക്കു പ്രസാദകരമായ ജീവിതം ഒരു കാഴ്ചയായി ഞങ്ങൾ സമർപ്പിക്കുമാറാകണമേ. ഞങ്ങളും ഞങ്ങളുടെ മരിച്ചുപോയവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേറുമാറാകണമേ.

ഹോശൊ......

മെൻ ആലോഹൊ......

"ക്യുക്കോയെ"

വാഗ്ദത്തദേശെനിന്നും യോശുവാ പക്കൽ
അന്യനാട്ടിലെത്തിച്ച മുന്തിരിക്കുലയെ
ചുമലതിലിരുവർ-തണ്ടിന്മേൽ വഹിച്ചു:
ഒരുവൻ കാൺകെ-അപരൻ കാണാതെ:
അതുപ്രാപിച്ച യൂദന്മാർ രുചിച്ചതിൽനിന്നും
നാനാജാതിക്കാരുമഹോ പാനംചെയ്യുന്നു-
ഹാലേലൂയ്യാ-രക്ഷകാ സ്തോത്രം.

ബാറെക്മോർ

ഗാത്രേ ദൃശ്യനായോനാം താതൻതൻ പുത്രൻ
ലോകോദ്ധാരക നാഥാ! മാനവവത്സലനേ!

നിന്നാകാരെ-യാദാമിന്നായി:
തൽ രക്ഷാൎത്ഥം ക്ലേശം നീയേററു;
പാപത്തിൻ ദാസ്യത്തീന്നും വീണ്ടെടുത്തവനേ
അക്ഷയമാം രാജ്യേ ജീവൻ നീയവനേകി.
ഹാലേല്യയ്യാ-നാഥാ! തേ സ്തോത്രം.

എത്രൊ

ഞങ്ങൾക്കുവേണ്ടി താണിറങ്ങിവന്നു ഞങ്ങളേപ്പോലെ മനുഷ്യനായിത്തീരുകയും, ഞങ്ങളുടെ രക്ഷയ്ക്കായി പീഡ അനുഭവിക്കുകയുംചെയ്ത അത്യുന്നതനേ! ഞങ്ങളുടെ പ്രാൎത്ഥനകളും അപേക്ഷകളും കേൾക്കണമേ. ബലഹീനരായ ഞങ്ങൾ അർപ്പിക്കുന്ന ഈ ധൂപം കൈക്കൊള്ളണമേ. നിന്റെ പ്രകാശത്താൽ ഞങ്ങളുടെ നയനങ്ങളെ പ്രകാശിപ്പിക്കണമേ. ജീവപ്രദമായ നിന്റെ കല്പനകൾ ആചരിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. നന്മചെയ്യുവാൻ ഞങ്ങളുടെ കൈകൾക്കു് ആയുധം തരണമേ. നിൻെറ വചനപ്രകാരം ഞങ്ങളുടെ നടത്തയെ നേരേയാക്കണമേ. ഞങ്ങളുടെ ചിന്തയെ നിൻെറ സ്മരണയിൽ കാത്തുകൊള്ളണമേ. നിൻെറ സ്തുതി ശബ്ദങ്ങളാൽ ഞങ്ങളുടെ അധരങ്ങളെയും നാവുകളെയും പരിപാലിക്കണമേ. ഞങ്ങളുടെ കൎത്താവും നിത്യദൈവവുമേ! നിൻെറ സത്യത്താൽ ഞങ്ങളെ എല്ലാവരെയും ശുദ്ധീകരിക്കേണമേ.

മോറാൻ— ...

"ബോത്തെദ് ഹാശൊ"

ഞങ്ങൾക്കായ് നീ.......

ശ്രേഷ്ഠമാംശോ-ഭോദയത്താ-
ലന്ധതയി-ലവരാണ്ടു
തന്മൂലമ-വർ വിധിക്കു-
ന്നോനാരെന്ന-റിഞ്ഞില്ലവർ
അന്ധകാരെ-യവർ താണു.

നമ്മിൽ ഗുപ്ത-മാം രോഗത്തെ
സൗഖ്യമാക്കാൻ-വന്നവനാം
വൈദ്യനേയ-വർ ബന്ധിച്ചു

താൻചെയ്ത സ-ഹായങ്ങൾക്കായ്
നിന്ദിച്ചവനേ-വധംചെയ്തു.
ആദിയിൽ സൃ-ഷ്ടികളോടൊപ്പം
ആദത്തെനി-ർമ്മിച്ച കൈകൾ
മേൽതറപ്പാൻ-ആണികളെ
വഞ്ചനയാ-ലീനാളിലവർ
സൂക്ഷ്മമായൊ-രുക്കം ചെയ്തു.
ലോകം വിധി-പ്പാൻ വന്നീടുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെ നാഥാ.

"മാർ യാക്കോബിൻെറ ബോവൂസൊ"

പീഡ, ക്രൂശാൽ-മൃത്യു......
ദേവാ ദയ......

ലോകം ദർശി-പ്പാൻ വന്നപ്പോൾ-നിന്നേയവർ
എത്ര ദണ്ഡി-പ്പിച്ചെന്നോതു-കയസ്സാദ്ധ്യം.
നീതിമാനാം-നിന്നേയവ-രാക്ഷേപിച്ചു
ദൂഷിച്ചതിൽ-നീ പരിഭ-വം ചൊന്നില്ല.
ദേവാ......

കാരുണ്യത്താ-ലൂമരെ സൗ-ഖ്യമാക്കിയ
നിൻമുഖത്ത-വർ തുപ്പൽ നി-ർലോഭം ചിന്തി.
ഭൂതങ്ങളെ-നീക്കുംനിന്നേ-തൽ നേതാവായ്
കൊട്ടിഘോഷി-ച്ചവരധി-ക്ഷേപമാർത്തു.
ദേവാ......

നാഥാ ഭൂവാ-നം നിൻപീഡ-യിൽ ക്ലേശിച്ചു
മാനോർ വാനോർ-നിൻ താഴ്ചയിൽ-വിസ്മയിച്ചു.
ദേവാ......

ഏവൻഗേലിയോൻ

മോറാൻ യേശുമ്ശിഹാ......

ഹാശായാൽ കഷ്ടത......

വിശ്വാസപ്രമാണം.

ബുധനാഴ്ച സന്ധ്യാപ്രാത്ഥന

കൗമാ: നിന്നേ വധിപ്പാനായ് വന്നോരും
പൂകും നിൻ രാജ്യേ
നിന്നെയും പീഡകളെയുമേറേറാ–
രൊപ്പം നിൻ കൃപയാൽ
(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും.......

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ... ...

പ്രാരംഭ പ്രാത്ഥന

ഞങ്ങളുടെ ദൈവമായ മ്ശിഹാ കത്താവേ! നിൻെറ പീഡാനുഭവത്തിൽനിന്നും ലഭ്യമാകുന്ന പ്രചോദനത്താൽ നിൻെറ ആരാധകരുടെ ഹൃദയങ്ങളിൽനിന്നും മനസ്സുകളിൽ നിന്നും പാപമാലിന്യമാകുന്ന അന്ധകാരത്തെ നീക്കിക്കളയണമേ. നിൻെറ കഷ്ടാനുഭവത്തിൽ പങ്കാളികളായി നിൻെറ പുനരുത്ഥാനദിനത്തിൽ നിന്നോടുകൂടെ ആനന്ദിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേററുമാറാകണമേ.

ഹോശോ......

51–ാംസങ്കീത്തനം

"ഹൗ ദഹെവാ ബ്വക്രൊ"

ദാസനാൽ കവിളത്തടിയേററ
ലോകങ്ങൾ തന്നുടയവനാം
ദേവാ... ...

ദാസനായ് തീൎന്നി-ട്ടെങ്ങളെ
ദാസ്യത്തിൽനിന്നും വീണ്ട
ദേവാ......

സ്വാഭാവികമായ് നാഥനാം
ക്ലേശം ഞങ്ങൾക്കായേററ
ദേവാ......

പീഡിതനായ് തന്നാകാരെ
ഞങ്ങളുടെ ക്ലേശം മായിച്ച
ദേവാ......

ബാറെക്മോർ.

രക്തത്താൽ തെററീന്നെങ്ങളെ
വീണ്ട സാക്ഷാൽ നാഥനാം
ദേവാ......

സങ്കീൎത്തനം: കൎത്താവേ! നിന്നെ......

"സ്ലീമൊറിയെബ്ററഹ്മേ"

സൎവ്വത്തിൻെറയുമുടയവനെ
ദുഷ്ടന്മാർ നിന്ദിക്കുന്നു.
സോദരരേ ക്ലേശിക്കാതെ
ഖേദമതെന്യേ ആർ കഴിയും?

ന്യായാധിപൻ തൻ മുമ്പിൽ
ഇഷ്ടാൽ ദൈവം ഹതമേററു
കവിളിൽ തുപ്പലേററപ്പോൾ
ദയവാനവൻ കോപിച്ചില്ല.

മോശയെ കാണുക നിൻസ്ഥാനം
ഏററവനാം കയ്യാഫായേ
നാഥനെ വിധിചെയ്യുന്നവനാം
ഹന്നാൻ മേൽ കരയട്ടഹറോൻ

നിണദാഹികളേയടിയേല്പാൻ
ഇവനെന്തപരാധം ചെയ്തു?

തൻ നന്മകളോരോന്നിന്നും
നിങ്ങളപേക്ഷിച്ചവനേ.

ആശ്ചര്യം മഹദാശ്ചര്യം
മേലിൽ ക്രൂബകൾ സ്രോപ്പേന്മാർ
വിസ്മയപൂർവ്വം വാഴ്ത്തുന്നോൻ
ഭൂമിയിൽ പീഡനമേല്ക്കുന്നു.

ബാറെക്മോർ.

വിശ്വാസിനിയാം ശുദ്ധസഭേ
പാടുക സ്തുതി ദൈവാത്മജന്
ഇഷ്ടാൽ പീഡയ്ക്കാഗതനായ്
നിൻസുതരെ രക്ഷിച്ചതിനാൽ.

സ്തൌമെൻ കാലോസ് — കുറിയേലൈസോൻ.

പ്രൊമ്യോൻ

ഒരു സമയ കർത്താവേ നി

കാഴ്ചയ്ക്കു ഭംഗിയോ സൗന്ദര്യമോ ഇല്ലാത്തവനായി ലോകത്തിൽ വെളിപ്പെടുകയും, നിന്ദ്യനും ഹീനനുമെന്നവണ്ണം ഭൂമിയിൽ കാണപ്പെടുകയുംചെയ്കു / എങ്കിലും വാസ്തവത്തിൽ മഹദ്പ്രഭുവും ശ്രേഷ്ഠതയിൽ ഉന്നതനും; ഞങ്ങളുടെ ക്ലേശം സഹിപ്പാനും വേദനയനുഭവിപ്പാനുംവേണ്ടി വന്നവനായി കഷ്ടതകളിൽനിന്നുയർന്നും വേദനകൾക്കതീതമായും സ്ഥിതിചെയ്യുന്നവനും; കൃപയാൽ തന്റെ ആരാധകരെ ഒരുമിച്ചുചേർത്ത ഉത്തമനും നീതിമാനുമായ കർത്താവേ! നിനക്കു സ്തുതി.

നിനക്കു......

സെദ്രൊ

ശക്തനും സർവ്വാധിപതിയുമായ കർത്താവേ! സജീവനും ഭാഗ്യവാനുമായ പിതാവിന്റെ സജീവവചനമായ ദൈവമേ! നീ ദാനങ്ങളുടെ ഉറവയും നാശമില്ലായ്മയെ നല്കുന്നവനുമാകുന്നു. അത്യുന്നതമായദൈവത്വത്തിന്റെ അദൃശ്യാവസ്ഥയിൽ നീ സൃഷ്ടികളുടെ അറിവിനുംകഴിവിനും അതീതനാകുന്നു. നിന്റെസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അവന്റെസ്വന്ത

ഇഷ്ടത്താൽ പാപത്തിൽ പതിച്ചതായി നീ കണ്ടപ്പോൾ, കരുണാപൂർവ്വം നീ സ്വയം താഴ്ത്തി ശരീരത്തോടും ആത്മാവോടും യോജിക്കുകയും, വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്നു നിന്റെ ദൈവതത്വത്തിൽ വസിക്കുകയുംചെയ്തു. ഭൂമിയിൽ നീ ജീവിക്കുകയും കാലത്തിന്റെ പരിമിതിക്കുള്ളിൽ സ്വയം ക്രമീകരിക്കുകയുംചെയ്തു. നീയോ, നിന്റെ നിജസ്ഥിതിയിൽ സമയത്തിനുള്ളിൽപെടാതെ, കാലത്തിനതീതനും വ്യാഖ്യാനാതീതമായ വിസ്മയവുമാകുന്നു. അനേകരും അത്ഭുതഭരിതരാകുവാനും, രാജാക്കന്മാർ വായ്പൊത്തുവാനും ഇടയാകുമാറു നീ ഭൂതലത്തിൽ വസിച്ചു. നിന്നിൽ ദൈവികവും മാനുഷികവുമായ യാഥാർത്ഥ്യങ്ങൾ സ്ഥിതിചെയ്തു. അത്ഭുതവും പീഡാനുഭവവും, ഔന്നത്യവും താഴ്ചയും, പരാക്രമതത്വവും ബലഹീനതയും, ഒരുപോലെ നിന്നിൽ ദൃശ്യമായി. നിന്റെ പ്രവൃത്തികളിൽ അത്ഭുതവും നിന്റെ താഴ്ചയിൽ കീർത്തിയും വ്യക്തമായി. ഈ വിസ്മയം ഗ്രഹിക്കുവാൻ അധികാരികൾക്കു കഴിഞ്ഞില്ല; അതിനാൽ അവർ നിന്നേ വിശ്വസിച്ചുമില്ല.

പ്രകൃതിനിയമത്തിനപ്പുറമായി അഗ്നിയും വെള്ളവും ഒരുമിച്ചു സ്ഥിതിചെയ്യുന്ന യാഥാർത്ഥ്യത്തിൽ ലൗകികമായ തത്വചിന്ത അന്തരിച്ചുപോയി. മാഞ്ഞുപോയ സൃഷ്ടിയെ താങ്ങിക്കൊണ്ടിരിക്കുന്ന നീ ഇളകുന്ന ഞാങ്ങണ എന്നു വിളിക്കപ്പെട്ടു. അന്ധകാരത്തിൽ നിപതിച്ചുപോയ ഭൂതലത്തെ പ്രകാശിപ്പിക്കുന്ന നീ മങ്ങുന്ന വിളക്കെന്നു വിവക്ഷിക്കപ്പെട്ടു. ഞങ്ങളുടെ പൂർവ്വഭംഗി തിരികെ തരുവാനായിവന്ന നീ മനുഷ്യരിൽ സൗന്ദര്യഹീനനെന്നു വിവരിക്കപ്പെട്ടു. ഞങ്ങൾക്കു ബഹുമാനവും ഔന്നത്യവും നല്കുന്ന നീ മനുഷ്യരിൽ നിന്ദ്യനും താഴ്ചയേറ്റവനുമായി പറയപ്പെട്ടു. ഞങ്ങൾക്കു മോചനം തരുവാൻവേണ്ടി ഞങ്ങളുടെ പാപങ്ങളെ നീ വഹിച്ചു. ഞങ്ങളുടെ കഷ്ടതകളെ നീ യഥാർത്ഥമായും അനുഭവിച്ചു. ഞങ്ങളുടെ വേദനകളെ നീ ചുമന്നു. കഷ്ടതയും വേദനയും രോഗവും ഇല്ലാത്തവനേ! നീ പാപം ചെയ്തില്ല; നിന്റെ വായിൽ വഞ്ചന ഉണ്ടായിരുന്നുമില്ല. എന്നാൽ തിരുവിഷ്ടത്താൽ നീ സ്വയം താഴ്ത്തി പീഡയനുഭവിച്ചു.

ഞങ്ങളുടെ പാപത്തേയും വേദനയേയും നീ സ്വയം നിന്റെ മേൽ എടുത്തു. അതുമൂലം നീ രോഗം അനുഭവിക്കുന്നവനായി വിവരിക്കപ്പെട്ടു. നിൻെറ ചരിത്രത്തിൽ മുറിവുകളും വേദനയും രേഖയിൽവന്നു. സർവ്വ ദൈവികവ്യാപാരങ്ങളുടെയും അന്ത്യത്തിൽ ഞങ്ങളുടെ പാപംമൂലമുള്ള കൊലയ്ക്കും മൃതപ്രായരായ ഞങ്ങൾ ജീവൻപ്രാപിക്കുന്നതിനാവശ്യമായ മരണത്തിനും നീ ഒരുങ്ങി.

കർത്താവേ! നീ ഞങ്ങളുടെ അധർമ്മത്തിനെതിരായി അവർണ്ണനീയമായ താഴ്മവെളിപ്പെടുത്തി. ഞങ്ങൾ കോപിഷ്ഠരായതിനാൽ നീ അതിർത്തിയില്ലാത്ത ശാന്തത പ്രകടിപ്പിച്ചു. നിൻെറ മഹാതാഴ്മമൂലം വാ തുറക്കാതെ നീ ഹീനതയേറ്റു. ബലിക്കുള്ള കുഞ്ഞാടുപോലെയും, രോമം വെട്ടുന്നവൻെറ മുമ്പിൽ പെണ്ണാടുപോലെയും നീ മൗനം പാലിച്ചു. ബന്ധനത്തിൽനിന്നും ന്യായവിസ്താരത്തിൽനിന്നും നീ ഓടി ഒളിച്ചില്ല. പിന്നെയോ, നിൻെറ ശരീരത്തെ പ്രഹരത്തിനും, നിൻെറ കവിൾത്തടങ്ങളെ അടിക്കും, നിന്റെ മുഖത്തെ തുപ്പലിനുമായി നീ വിട്ടുകൊടുത്തു. ലജ്ജയിൽനിന്നും പിന്തിരിയാതെ, നിൻെറ കൈകളെയും കാലുകളെയും ആണികളാൽ തുളയ്ക്കപ്പെടത്തക്കവണ്ണം നീ നല്കി. നിൻെറ തിരുവിലാവിനെ കുന്തത്തിനും, നിൻെറ വസ്ത്രങ്ങളെ വിഭജനത്തിനും, നിൻെറ വായയെ കാടിക്കും കയ്പിനുമായി നീ കൊടുത്തു. ഇവയ്ക്കെല്ലാംപുറമെ നിന്ദാകരമായ ക്രൂശിന്മേൽ നീ തൂക്കപ്പെടുകയും, അധർമ്മികളോടുകൂടെ നീ എണ്ണപ്പെടുകയുംചെയ്തു. കാണികളെല്ലാം നിന്നേ പരിഹസിച്ചു. ചുററുമുള്ളവർ നിന്നേ അപഹസിച്ചു. നീ സ്വയം മരണത്തിനായി ഏല്പിച്ചുകൊടുത്തതിനാൽ, നിൻെറ പിതാവിൻെറ ഹിതം നീ നിവർത്തിച്ചു.

ഞങ്ങളുടെ ദൈവമായ മ്ശിഹാ! തിരുമുമ്പിൽ ഈ സൗരഭ്യധൂപമണച്ചുകൊണ്ടു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. ദുർവ്വഹമായ സർവ്വ ദുഃഖങ്ങളിൽനിന്നും, ആത്മാവിനെ നിന്നിൽനിന്നും അകററുന്ന സകല ചിന്തകളിൽനിന്നും ഞങ്ങളെ വിടുവിക്കണമേ. ഞങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള ദുഃഖവും ഞങ്ങളുടെ അമാര്ഗ്ഗങ്ങളെപ്പററിയുള്ള ഖേദവും

ഞങ്ങൾക്കു തരണമേ. തിന്മയിലേക്കു തിരിയാതെ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങൾ സർവ്വദാ നിൻെറ സന്നിധിയിലേക്ക് അണയുമാറാകണമേ. വെടിപ്പോടും വിശുദ്ധിയോടുംകൂടെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ സമർപ്പിക്കുമാറാകണമേ.

ഹോശൊ......

മെൻ ആലോഹൊ......

"ക്കുക്കോയൊ"

കർത്താവാ ബുധനാഴ്ചയിൽ ദശ്കർ മുൻചൊന്ന
മശ്ഹം ശ്ലീഹന്മാരുടെയാസംഘത്തോടോതി.

യൂദന്മാരാൽ—അവനേല്ലം പീഡ:
താതർ സൂചി—പ്പിച്ചതാം വാർത്ത:

പീഡ മൃത്യുയിവയേററീട്ടവനീലോകത്തെ
തെററിൽനിന്നുമെന്നേയ്ക്കും വീണ്ടെടുത്തീടും
ഹാലേലൂയ്യ, ഉഹാലേലൂയ്യാ.

ബാറെക്‌മോർ.

ഊറിശ്ലേമാദിനം പാരം ബദ്ധപ്പാടതിലായ്
യൂദന്മാരഗ്നികൂട്ടീട്ടാണികളൊരുക്കി

വർഗ്ഗത്തലയാ—മാദത്തെ നിർമ്മി—
ച്ചതാം കൈകൾ—കുത്തി തുളപ്പാനായ്:

അടിമകളെ വിട്ടുത്തുന്നതിനായവൻ ബന്ധിതനാകും
ദാവീദിദം മുൻചൊന്നിരുന്നതവർ ഗ്രഹിച്ചില്ല.
ഹാലേലൂയ്യാ, വീണ്ടിട്ടമവനവരേ.

എത്രൊ

കർത്താവേ! നിന്റെ വെളിപാടിൻപ്രകാശത്താൽ ഞങ്ങളുടെ ബോധങ്ങളെ ശോഭിപ്പിക്കണമേ. നിൻെറ ക്രൂശിനെ സ്നേഹിപ്പാൻ ഞങ്ങളുടെ ആത്മാക്കളെ ശക്തീകരിക്കണമേ. നിൻെറ പീഡാനുഭവംമൂലം ഞങ്ങൾക്കു നീ നല്കിയ ക്ലേശ

മില്ലായ്മയാൽ ഞങ്ങളുടെ ശരീരങ്ങളെ ക്രമീകരിക്കണമേ. നിന്റെ കൃപയിൽനിന്നും നിർഗ്ഗമിക്കുന്ന സൗഭാഗ്യാനുഭവം കൊണ്ടു ഞങ്ങളുടെ ചിന്തകളെ നിയന്ത്രിക്കണമേ. നിന്റെ മഹിമകളെ ഉച്ചരിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തണമേ. നിനക്കു പ്രസാദകരമായി ജീവിക്കുവാൻ ഞങ്ങളെ നയിക്കണമേ. ഞങ്ങളുടെ ധൂപത്തോടുകൂടെ ഞങ്ങൾ നിന്നേയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും സദാ സ്തുതിക്കുമാറാകണമേ.

ഹോശൊ......

"ബോത്തെദ് ഹാശൊ"

ഞങ്ങൾക്കായ് നീ.......

നിജസ്ഥിതിയിൽ–വന്നിരുന്നെങ്കിൽ
എതിർക്കാനവനേ–യാർ മുതിന്നീടും
സ്വന്തേഷ്ടത്താൽ–പീഡയേററു:
മരണം രുചി–ച്ചേവക്കും ജീവൻ
നല്കാൻവേണ്ടി–മർത്യനായി.

സ്രോപ്പേന്മാർ തൻ–ചിറകുകൾ വിരി–
ച്ചേററീടുന്നു–സ്തുതിശബ്ദങ്ങൾ
തൻ ദൈവത്വ–ത്തിന്നായെന്നും:
മണ്ണിൻമക്കൾ–നിന്ദാപൂർവ്വം
ക്രൂശിക്കവനെ–ക്രൂശിക്കെന്നും.

പരിശുദ്ധമാം–സ്തുതിശബ്ദങ്ങൾ
ഏററട്ടെല്ലാ–വാകളിൽനിന്നും
നാഥാ നിന–ക്കായെപ്പോഴും:
സ്വേഷ്ടാൽ പീഡ–സ്സ്വായാഗതനായ്
തുപ്പലെങ്ങൾ–ക്കായേററതിനാൽ
ലോകം വിധി......

"മാർ യാക്കോബിന്റെ ബോവൂസൊ"

പീഡ, ക്രൂശാൽ......
ദേവാ......

പാപത്തിൽ വീ-ണു പോയതാം-മർത്യവർഗ്ഗം
ദൈവികമാം-നന്മകളെ-പാടെ തള്ളി.
സത്യദൈവത്തേ വിഗ്രഹ-ങ്ങളായ് മാററി.
സൃഷ്ടികളെ-യത്യധിക-മാശ്ലേഷിച്ചു
ദേവാ...

പുത്രൻതൻ വൃ-ത്താന്തം വർണ്ണി-ച്ചോതുന്നതും
ഏകാത്മജൻ-തൻ ചരിത്രം-കേൾക്കുന്നതും
ദൈവപുത്ര-സ്നേഹിതന്മാ-ക്കഭികാമ്യം
തൻവൃത്താന്തം-മടിയെന്യേ-കേൾക്കുന്നവർ.
ദേവാ......

നാഥാ ഭുവാ-നം നിൻ......
ദേവാ...

ഏവൻഗേലിയോൻ

മോറാൻ യേശു മ്ശിഹാ......

നിന്നേ വധിപ്പാനായ്......

വിശ്വാസപ്രമാണം.

പെസ്സഹാ വ്യാഴാഴ്ച
സന്ധ്യാപ്രാത്ഥന

കൗമാ: പെസ്സഹാ-യാൽ പെസ്സഹാടിനെ
നീക്കിയ മ്ശിഹാ!
മോദിപ്പിച്ചരുളുൾ കൃപനിൻ
പെസ്സഹായാൽ
(മൂന്നു പ്രാവശ്യം)

നാഥാ തേ......

സപ്ഗ്ഗസ്ഥനായ......

പ്രാരംഭപ്രാത്ഥന

ദൈവമായ കത്താവേ! നിൻെറ അറിവുമൂലം ലഭ്യമാകുന്ന ആത്മീയമായ ഒരുക്കംപ്രാപിച്ചും, ഞങ്ങളുടെ വിളക്കുകൾ കത്തിയും, നിന്നിലുള്ള പ്രത്യാശയിൽ അവലംബം വച്ചും, നിന്റെ സപ്ഗ്ഗീയമേശയെ സമീപിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിൻെറ കല്പനാനുസരണമുള്ള പാതയിൽക്കൂടെ അലസരാകാതെ പ്രയാണംചെയ്തുകൊണ്ടു്, നിന്റെ പരിശുദ്ധശരീരവും പാപപരിഹാരപ്രദമായ തിരുരക്തവും ഞങ്ങൾ അനുഭവിക്കുമാറാകണമേ. ഞങ്ങൾ നിൻെറ രക്ഷാവലയത്തിനുള്ളിൽ നാശവും വിപത്തും കൂടാതെ, പരിരക്ഷിക്കപ്പെട്ടുമാറാകണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും സ്തോത്രവും സദാ കരേറും.

ഹോശെ......

51-ാംസങ്കീർത്തനം

"ഹൗ ദഹെവാ ബ്യക്രൊ"

തുപ്പൽ സ്വജനത്തീന്നേററു
തെ-ററീന്നും ജാതികളെ വീണ്ട
ദേവാ......

സൗരഭ്യം സഭസ്സേകിയ
വാ-സനദ്രവ്യമായ
ദേവാ......

നിൻപാപം മോചിതമെന്നാ
സ്ത്രീയോടോതിയോനാം
ദേവാ......

പാപിനിയിൻ കണ്ണീരേററീ-
ട്ടവൾ ദോഷം മോചിച്ച
ദേവാ......

നാഥാ നിൻ ജനത്തിൻകുററം
മായിച്ചവരെ പാലിക്ക
ദേവാ......

ബാറെക്മോർ

നിന്നിഷ്ടം സൃഷ്ടിച്ചവയെല്ലാം
നാഥാ നിന്നേ വാഴ്ത്തുന്നു
ദേവാ......

സങ്കീർത്തനം: കർത്താവേ!......

"യൗമോനോ"

ഈ നാളിൽ-പോയ് ശിഷ്യ-രാം
ശെമഊൻ യൂഹാനോനിവർ-
പെസ്സഹാ രഹസ്യത്തിൻ നാഥ-
ന്നൊരുക്കം ചെയ്യാൻ...
നമ്മുടെ രക്ഷയ്ക്കായവനിഷ്ടാൽ ബലിയായി.

ഈനാളിൽ-നാഥൻ ശിഷ്യ-ന്മാ
 രോടായ് മർമ്മം വെളിവാക്കി—
നിങ്ങളിലൊരുവനെന്നേയേല്പി—
 ച്ചെൻ വിലവാങ്ങും...
പാരം കഷ്ടമവനതിനാലെന്നേവമോതി.

ഈനാളിൽ-ശെമഊൻ യൂഹാ-നോ
 ടൊന്നിച്ചൂറിശ്ലേം പൂകി-
ബലികൾക്കുടയോനാം നാഥന്നായ്
 കുഞ്ഞാടൊരുക്കി...
മാളികയിൽ രഹസ്യങ്ങൾ ശുശ്രൂഷിതമായി.

ഈനാളിൽ-ശിഷ്യന്മാരുടെസംഘം
 ദുഃഖത്തിലാണ്ടു—
നിങ്ങളിലൊരുവനെന്നേ യൂദ-
 ക്കേല്പിച്ചീടും...
സർവ്വേശനിദമവരോടോതിയതിനാൽ

ശിഷ്യരാ-കുലരായി ഗുരുവീന്നു-
 മേവം കേട്ടതിനാൽ-
നിങ്ങളിലൊരുവനെന്നേയേല്പി-
 ച്ചെൻ വിലവാങ്ങും...
അതുചെയ്യുന്നോനാരെന്നവർ ചോദിച്ചില്ല.
 ബാറെക്മോർ.

സർവ്വേശാ-കഷ്ടതയാൽ തെററീന്നും
 സഭയെ വീണ്ടവനേ-
അതിൽനിന്നും ശണ്ഠകളെ നീ
 നീക്കം ചെയ്യ്...
സ്ഥാപിക്കുകയതിൽ നിൻശാന്തിയെന്നും.
സ്തൗമെൻ കാലോസ്—കുറിയേലൈസോൻ.

പ്രൊമ്യോൻ

ന്യായപ്രമാണാനുസരണമുള്ള രഹസ്യങ്ങൾ നിവർത്തിക്കുവാൻവേണ്ടി പെരുനാളിനുപോയ പെരുനാളുകളുടെ നാഥനും അവയെ സമ്പൂർത്തിയിൽ വരുത്തുന്നവനുമായ കർത്താ

വേ! നീ നിൻെറ ശിഷ്യന്മാരോട്ട്, ഞാൻ മരിക്കുന്നതിനു മുമ്പു നിങ്ങളോട്ടുകൂടെ ഈ പെസ്സഹാ ഭക്ഷിക്കുവാൻ അതിയായി ആഗ്രഹിച്ചുഎന്നു പ്രസ്താവിച്ചു. തന്മൂലം, നിഴലായിരുന്ന പഴയ വസ്തുതകളെ പൂർത്തീകരിച്ച് എന്റെ രക്തത്തിൽ പുതിയനിയമം നിങ്ങൾക്ക് ഏല്പിച്ചുതരുവാൻ ഞാൻ വാഞ്ഛരിച്ചുഎന്നും, എന്നന്നേയ്ക്കും ഞാൻ നിങ്ങളോട്ടുകൂടെയിരിക്കുംഎന്നും, അക്ഷയമായ ഭാവിജീവിതത്തിൻെറ അച്ചാരമായി എൻെറ ശരീരവും രക്തവും ഞാൻ നിങ്ങൾക്കു നല്കുന്നു എന്നും, അവ നിങ്ങൾക്കു കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനുമായി ഭവിക്കുമെന്നും അവൻ ഉപദേശിച്ചു. കർത്താവേ! സന്ധ്യാപ്രാർത്ഥനയുടെ......

സെദ്രൊ

മഹത്വത്തിൻ രാജാവും സർവ്വത്തിൻെറയും ദൈവവുമായ മ്ശിഹാ! നിൻെറ ആളത്തത്തിൽ ലോകപാപം ചുമക്കുവാനും, കൃപയാൽ ലോകത്തിൻെറ അധർമ്മത്തിനുവേണ്ടി അറുക്കപ്പെട്ടുവാനും, കരുണയാൽ പാപികൾക്കുവേണ്ടി ക്രൂശിലെ മരണത്തിനു സ്വയം നല്കുവാനുംവേണ്ടി വന്ന ദൈവത്തിൻെറ കുഞ്ഞാട്ടു നീയാകുന്നു. നിൻെറ മനുഷ്യസ്നേഹത്താൽ ന്യായപ്രമാണാനുസരണമുള്ള ബലികളിൽനിന്നും അനുഷ്ഠാനങ്ങളിൽനിന്നും ഞങ്ങളെ ഉദ്ധരിക്കുവാൻവേണ്ടി നിൻെറ ശിഷ്യന്മാരോട്ട്, അവരുമായി പെസ്സഹാ ആചരിക്കുവാൻ നീ ആഗ്രഹിക്കുന്നതിനാൽ, പോയി ഒരുക്കുവീൻ എന്നു പ്രസ്താവിച്ചു. ഒരുകുടം വെള്ളം ചുമന്നുകൊണ്ടുപോകുന്ന ആളിനോട്ടുകൂടെ അവൻ പ്രവേശിക്കുന്ന ഭവനത്തിൽ നിങ്ങൾ ചെന്നു, ഞങ്ങളുടെ ഗുരുവും നാഥനുമായവൻ ഇന്നു സന്ധ്യയിൽ നിന്നോട്ടുകൂടെ പെസ്സഹാ ആചരിപ്പാനിരിക്കുന്നുയെന്ന് അവനോട്ടു പറയുവാൻ നീ അവരെ ഉദ്ബോധിപ്പിച്ചു. നീ നല്കിയ ആജ്ഞാനുസരണം ശീമോനും യോഹന്നാനും പ്രവർത്തിച്ചു. കല്ലറയിൽനിന്നും നീ ഉയിർപ്പിച്ച നിൻെറ സ്നേഹിതൻെറ ഭവനം ഒരുക്കപ്പെട്ടതായി അവർ കണ്ടു. ന്യായപ്രമാണവിധിയനുസരിച്ചുള്ള അത്താഴം കഴിച്ചശേഷം, ഔന്നത്യത്തിലേയ്ക്കുയർത്തുന്ന താഴ്മയുടെ മാർഗ്ഗം

നിൻെറ ശിഷ്യന്മാരെ വചനത്താലും പ്രവൃത്തിയാലും നീ പഠിപ്പിച്ചു. അരയിൽ തുവാലകെട്ടി, നീ അവരോട്, വിനീതമാനസ്സരായി അന്യോന്യം സ്നേഹിച്ചുകൊണ്ട്, അവരും അപ്രകാരം ചെയ്യണമെന്ന് ഉപദേശിച്ചു.

ഇവസ്സശേഷം, പരിശുദ്ധ കൈകളിൽ പുളിപ്പുള്ള അപ്പം എടുത്തു സ്തോത്രംചെയ്തു വാഴ്ത്തി ശിഷ്യന്മാക്കു കൊടുത്തു, അവരോട്: ഇതു ലോകം മുഴവനുംവേണ്ടി നല്ലപ്പെടുന്ന രഹസ്യം; ഇത് എൻെറ ശരീരം; എന്നിൽ വിശ്വസിക്കുന്ന നിങ്ങൾ എല്ലാവരും കടങ്ങളുടെ പരിഹാരത്തിനായി ഇതിൽനിന്നും ഭക്ഷിക്കുവിൻ എന്നു പറഞ്ഞു. അപ്രകാരം തന്നെ, പാനപാത്രവുംഎടുത്തു വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തു. ഇത് എൻെറ രക്തത്തിൻ പുതിയനിയമമാകുന്നു; എന്നിൽ വിശ്വസിക്കുന്ന നിങ്ങൾ എല്ലാവരും കടങ്ങളുടെ മോചനത്തിനായി ഇതിൽനിന്നും പാനംചെയ്യുവിൻ; ഞാൻ വരുന്നതുവരെയും ഇതു നിങ്ങൾ അനുഷ്ഠിക്കുവിൻ, എന്നു നീ പ്രസ്താവിച്ചു. അതിനുശേഷം, അവരെ പിതാവിങ്കൽ ഭരമേല്പിച്ചിട്ട്, നീ ഏല്പിക്കപ്പെടുന്നതിനെയും, ശിഷ്യന്മാർ ഒളിച്ചോടിപ്പോകുവാനിരിക്കുന്നതിനെയും നീ അവക്കു വെളിപ്പെടുത്തിക്കൊടുത്തു. ഈവിധത്തിൽ പഴയതു് അവസാനിക്കുകയും, നിത്യജീവനും അമർത്യതയും അദ്രവത്വവും നല്കുന്ന പുതിയനിയമം സമാരംഭം പ്രാപിക്കുകയുംചെയ്തു.

പുതിയതും മഹത്തരവുമായ പെരുനാൾ! വിസ്മയനീയവും അവർണ്ണനീയവുമായ രഹസ്യം! വർണ്ണിക്കപ്പെടുവാൻ അസാദ്ധ്യമായ മഹിമ! അതിത്തി കുറിക്കപ്പെടുവാൻകഴിയാത്ത മനുഷ്യസ്നേഹം! ന്യായപ്രമാണാനുസരണമുള്ള കുഞ്ഞാടിനെ രഹസ്യാവഹമായി ഭക്ഷിക്കുന്ന സ്വർഗ്ഗീയകുഞ്ഞാട്! ഞങ്ങളുടെ രക്ഷയുടെ മർമ്മം അനുഷ്ഠിക്കപ്പെട്ട പുളിപ്പില്ലായ്മയുടെ ശ്രേഷ്ഠദിനം! ഒരുവയസ്സു പ്രായമുള്ള ആട്ടിൻകുട്ടി ഭക്ഷിക്കപ്പെടുകയും, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു ഭക്ഷിക്കപ്പെടുവാൻവേണ്ടി സ്വയം നല്കുകയും ചെയ്യുന്ന രഹസ്യങ്ങളുടെ മാളിക!

ഇന്നു മെല്ക്കീസദേക്കിൻെറ സാദൃശ്യംവഴി ഭരമേല്പിക്കപ്പെട്ട അപ്പവീഞ്ഞുകൾമൂലം ജീവൻെറ അപ്പം സ്വർഗ്ഗത്തിൽ

നിന്നും നല്ലപ്പെട്ട. ഇന്നു തിന്മയുടെ പഴയതിന്മയുടെ പുളിമാവിനാലല്ല; നന്മയുടെയും വിശുദ്ധിയുടെയും പുതിയ പുളിമാവിനാൽ, നാം പരിശുദ്ധതയുടെയും പാപപരിഹാരത്തിൻെറയും പെരുനാൾ ഘോഷിക്കണം. ഇന്നു നാം അടിമത്തത്തിൽ വിട്ടതൽപ്രാപിച്ച സ്വാതന്ത്ര്യം അനുഭവിക്കുന്ന പെരുനാൾ ആചരിക്കണം. ഇന്ന് അവിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്കു നാം മാറ്റം പ്രാപിച്ചിരിക്കുന്നു. ഇന്നു വാർദ്ധക്യംഭവിക്കാത്ത സത്യജീവൻ നമുക്കു ലഭ്യമായിരിക്കുന്നു.

ഞങ്ങളുടെ ദൈവമായ മ്ശിഹാ കർത്താവേ! മരിച്ചവനെപ്പോലെ സ്വന്തശരീരവും രക്തവും ഞങ്ങൾക്കു വിഭജിച്ചുതരുകയും, ജീവനുള്ളവനായി അതിൽനിന്നു ഭക്ഷിച്ചു കുടിക്കുകയും ചെയ്തവനേ! നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ജീവനുള്ളവനും മരിച്ചവനും, കൊല്ലപ്പെട്ടവനും ജീവൻനല്ലുന്നവനുമായി നിന്നെ ഞങ്ങൾ അറിയുന്നു. ജീവപ്രദമായ നിൻെറ ശരീരത്തെയും രക്തത്തെയും അനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. തന്മൂലം വിനാശകൻ ഞങ്ങളിൽ പ്രവേശിക്കാതെ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളും ഞങ്ങളുടെ വിശ്വാസികളായ പരേതരും സന്തോഷപൂർവ്വം നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേറുമാറാകണമേ.

ഹോശെ......

മെൻ ആലോഹൊ......

"ക്കുക്കോയൊ"

പെസ്സഹാ തൻമുൻ ബുധൻവ്യാഴം ഈദിനങ്ങളിൽ
നാഥൻ വെളിവാക്കി മമ്മം തൻശിഷ്യന്മാക്ക്
യേറുശലേം–നാം പൂകുന്നഹോ:
യൂദരെന്നേ–ബന്ധിതനാക്കും:-
പാതകിയാമാദാമിനെ യേദനിലെത്തിക്കാൻ
മാനവപുത്രനാകും ഞാൻ ക്രൂശിന്മേലേറും.
ഹാലേലുയ്യ, ഉഹാലേലുയ്യാ.
ബാറെക്‌മോർ.

പെസ്സഹാ തൻമുൻ ബുധൻ വ്യാഴം ഈദിനങ്ങളിൽ
ലോകേശന്നെതിരായവർ തന്ത്രങ്ങൾചെയ്തു.
പെരുനാൾദിനത്തിൽ-മഹത്താം തൻകൊലയെ:
കയ്യാഫാ മുൻ–ചൊന്നാനീവിധത്തിൽ:-
ജനമെല്ലാം നശിക്കാതിരിപ്പാൻ ഒരുവൻ മരിക്കട്ടെ
സൎവ്വത്തിന്നും ജീവൻനല്കുന്നോനാമവനെ
ഹാലേലുയ്യാ–കൊലയ്ക്കവരേല്പിച്ചു.

എത്രൊ

ദൈവമായ കൎത്താവേ! ഈ പെരുനാൾദിനം ഞങ്ങൾ തിരുമുമ്പിലണയ്ക്കുന്ന ഈ ധൂപത്തെ—ഹാബേലിന്റെ കാഴ്ച പോലെയും, നോഹയുടെ ബലിപോലെയും, അബ്രഹാമിന്റെ യാഗംപോലെയും, മെൽക്കിസെദേക്കിന്റെ ആചാൎയ്യശുശ്രൂഷപോലെയും, മോശയുടെ പ്രാൎത്ഥനപോലെയും, അഹറോന്റെ ധൂപംപോലെയും, ഫിനെഹാസിന്റെ ഉജ്ജ്വലത പോലെയും, ദാവീദിന്റെ അപേക്ഷപോലെയും, മനശ്ശെയുടെ കണ്ണുനീരുപോലെയും—കൈക്കൊള്ളുമാറാകണമേ. ഞങ്ങളുടെ തെററുകൾ മോചിച്ചും, രോഗികളെ സൗഖ്യമാക്കിയും, ഞങ്ങളെ സന്തോഷിപ്പിക്കണമേ. ഞങ്ങളെ നീ കാത്തുകൊള്ളുകയും, ഞങ്ങളുടെ പരേതർക്കു പരിഹാരംനല്കുകയും ചെയ്യണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേററുമാറാകണമേ.

ഹോശോ......

"ബോത്തെദ് ഹാശൊ"

ഞങ്ങൾക്കായ് നീ.......

ഈസന്ധ്യയിൽ-വലത്തിൻ സുതരാം
നിൎദ്ദോഷികളാ-മാശിഷ്യന്മാർ
ഖേദംപൂണ്ടു–നിങ്ങളിലൊരുവൻ:
എന്നേ യൂദ-ക്കേല്പിച്ചീടും
ഇദംതാനവരോ–ടോതിയതിനാൽ

ഈസന്ധ്യയിൽ-യൂദാതന്നെ
മുപ്പതുവെള്ളി-ക്കേല്പിക്കവാൻ
തീർപ്പുണ്ടാക്കി-തിരുരക്തത്താൽ:
നമ്മേവീണ്ട-ജീവന്നുടയോൻ
തൻവിലയിദം-നിർണ്ണയിച്ചു.

കർതൃത ്ങ്ങൾ-ക്കെല്ലാമുടയോ-
നായി പെസ്സഹായൊരുക്കി
ദൃഷ്ടാന്തമായ്-പുത്രൻസാമ്യം:
കാണിച്ചോരാം-ദശ്കർതൻ
മർമ്മങ്ങളെ-നിവർത്തിച്ചു.

ലോകം വിധി-പ്പാൻ......

"മാർ അപ്രേമിൻെറ ബോവൂസൊ"

നാഥാ ഞങ്ങൾക്കായുള്ള
നിൻ കഷ്ടതയാൽ ദയചെയ്തു
കഷ്ടതയിൽ പങ്കേകണമെ
നിൻരാജ്യത്തിലോഹരിയും

ദേവാ......

ക്രൂശകർതൻ പെരുനാളുകൾ
അന്ത്യംപ്രാപിക്കും നാളിൽ
സേ ്ഷ്ടത്താൽ കുഞ്ഞാടായി
ഹേമമതെന്യേ താനേകി

ദേവാ......

സദയം ചെറിയോനായവനാം
ഗുരുസവിധേ ശിഷ്യർചെന്നു
നാഥാ പെസ്സഹായെവിടെങ്ങൾ
ഒരുക്കീടണമിദമാരാഞ്ഞു.

ദേവാ......

ഞങ്ങൾതൻ ക്ലേശംനീക്കാൻ
നിന്ദയുമപഹാസവുമേല്ക്കാൻ

ആദാമിനെയിദം രക്ഷിപ്പാൻ
മഹിമയെ താഴ്ചയിലാക്കിയ
ദേവാ......

നാഥാ നിനക്കീദാസന്മാർ
സ്തുതിപാട്ടുന്നെന്നേക്കും
വീഴ്ചയെ മായിച്ചെങ്ങളെ
രക്ഷിച്ചതിനാൽ തേ സ്തോത്രം
ദേവാ......

നാഥാ......
ദേവാ......

ഏവൻഗേലിയോൻ

മോറാൻ യേശു മ്ശിഹാ... ...

പെസ്സഹായാൽ

വിശ്വാസപ്രമാണം.

വെള്ളിയാഴ്ച സന്ധ്യാപ്രാർത്ഥന

കൗമാ: ഹാശായാലടിയാർ......

തിങ്കളാഴ്ച സന്ധ്യയുടേതു്

(മൂന്നു പ്രാവശ്യം)

നാഥാ! തേ.......

സ്വർഗ്ഗസ്ഥനായ......

പ്രാരംഭ പ്രാർത്ഥന

കർത്താവേ! ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധിയിലും ഞങ്ങളുടെ ആത്മാക്കളെ വിശ്വാസത്തിലും, ഞങ്ങളുടെ ബോധങ്ങളെ ദിവ്യോപദേശവചനത്തിലും ഉറപ്പിക്കണമേ. നിർമ്മലമായ ചിന്തകളാൽ ശുദ്ധീകൃതരായും, പരിപാകതയുള്ള നടപടികളാൽ ധവളീകൃതരായും, ഉത്തമമായ പ്രവൃത്തികളാൽ പ്രശോഭിതരായും ഞങ്ങൾ നിന്റെ സ്വർഗ്ഗീയ മേശയെ സമീപിക്കുമാറാകണമേ. ഞങ്ങളുടെ ഈ രക്ഷാദിനത്തിലും ഞങ്ങൾ ജീവനോടിരിക്കുന്ന എല്ലാ നാളുകളിലും അമർത്യതയെ ദാനംചെയ്യുന്ന നിന്റെ ശരീരരക്തങ്ങളനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കിതീർക്കണമേ.

ഹോശെ......

51–ാംസങ്കീർത്തനം

"ഹൗ ദഹൈവാ ബ്വക്രൊ"

തിരുവിഷ്ടാൽ നരനായ് ഗാത്രെ

ഞങ്ങൾക്കായ് പീഡയേററ

ദേവാ......

ആഗതനായ് തന്നാകാരെ
സാദൃശ്യം നിവർത്തിച്ച
ദേവാ...

രക്ഷ യെങ്ങൾക്കേകാൻ ന്യായ
സ്ഥാനേ പാതകിപോൽ ചെന്ന
ദേവാ......

ന്യായാധിപൻ നൃപരൊപ്പം
വധിപ്പാനാലോചിച്ച
ദേവാ...

അന്യായമായി വിധിയേററ
സർവ്വത്തിന്നും വിധി നാഥാ!
ദേവാ......

ബാറെക്മോർ.

സ്വന്തശിഷ്യനാചാര്യരാം
ക്രൂശകർക്കേല്പിച്ചോനാം
ദേവാ......

സങ്കീർത്തനം: കർത്താവേ!......

"സ്ലീമൊറിയൊബ്റഹ്മേ"

ഈസായായാഹെ ദർശകർ തൻ
ദൃഷ്ടാന്തങ്ങൾ നിവർത്തിതമായ്
മറവാമവരുടെ രഹസ്യങ്ങൾ
വെളിവായുദ്ഘോഷിതമായി.

ദൈവമാണവൻ മാനവനും
ആചാര്യൻ, ബലികാഴ്ചയും താൻ
അർപ്പകനും സ്വീകാരകനും
രഹസ്യങ്ങൾ തന്നുൾപ്പൊരുളും.

ഈസായായഹൊ മാളികയിൽ
നാഥൻ പെസ്സഹാ ഭക്ഷിച്ചു
തങ്ങൾക്കേല്പിക്കപ്പെട്ട
രഹസ്യം ശിഷ്യർ കൈക്കൊണ്ടു.

അപ്പംവാഴ്ത്തി ഖണ്ഡിച്ചി—
തെൻ ഗാത്രമെന്നവനോതി
സ്തോത്രത്താൽ ശുദ്ധീകൃതമാം
വീഞ്ഞിനെയെൻ രക്തമെന്നും.
ബാറെക്മോർ.

നാഥൻ ദാസരുമൊരുമിച്ചു
രഹസ്യത്തിൻ പങ്കാളികളായി
ഒലിവിൻമലയിൽ സ്തുതിപാടി
രക്ഷാദൂതവക്കേകിയവൻ.

സ്തൌമെൻ കാലോസ്' — കുറിയേലൈസോൻ.

പ്രൊമ്യോൻ

ബലികളെ സ്വീകരിക്കുന്നവനും പുരോഹിതന്മാരുടെ നാഥനുമായിരിക്കവേ, തിരുവിഷ്ടത്തോടെ ബലിയും പുരോഹിതനുമായിത്തീന്ന കത്താവേ! ദൃഷ്ടാന്തങ്ങൾ നിവത്തിക്കുകയും രഹസ്യങ്ങൾ പൂത്തീകരിക്കുന്നവനുമായ നീ ഈ സന്ധ്യയിൽ മോശയുടെ ദൃഷ്ടാന്തത്തെ യഥാത്ഥീകരിച്ചു. സവ്വക്കുംവേണ്ടി നിൻെറ ജനകന്നു' അംഗീകാരയോഗ്യമായ കുർബ്ബാനയായി നീ സ്വയം അപ്പിച്ചു. ശോധനാതീതമായ അത്ഭുതമാകുന്ന നീ സജീവനായിരിക്കവെ, നിൻെറ ശരീരത്തെ മേശമേൽവച്ചു വിഭജിക്കുകയും, നിൻെറ രക്തത്തെ കലത്തുകയുംചെയ്തു' അവയെ നിൻെറ ശ്ലീഹന്മാർക്കു നല്കി. സന്ധ്യാപ്രാത്ഥനയുടെ……

സെദ്രൊ

ഞങ്ങളുടെ ദൈവമായ മ്ശിഹാ കത്താവേ! നീ നീതിയുടെ വലിയ സൂയ്യനും, യഥാത്ഥ പ്രകാശവും, പിതാവിൽ നിന്നുള്ള അനാദ്യന്തപുത്രനും ആകുന്നു. ലോകത്തിലേക്കു വരുന്ന ഏതു മനുഷ്യനും നീ വെളിച്ചം നല്കുന്നു. നിന്റെ ദൈവികജ്ഞാനംകൊണ്ടു സവ്വത്തേയും നീ നിറയ്ക്കുന്നു. അന്ധതയിൽ വീണുപോയ സൃഷ്ടിക്കു പ്രകാശംനല്കുവാനായി നീ യുഗാന്ത്യത്തിൽ ജഡധാരണംചെയ്തു. ന്യായപ്രമാണം അവ

സ്ഥാനം പ്രാപിക്കുന്ന പെസ്സഹായുടെ ഈ സന്ധ്യയിൽ ന്യായപ്രമാണാനുസരണമുള്ള കർമ്മപരിപാടികൾ നിന്റെ ആളത്തത്തിൽ നീ നിവ്വഹിച്ചു. ജീവന്റെ സുവിശേഷ വെളിച്ചം നീ ഉദിപ്പിച്ചു. മെസ്രേനിൽവച്ചു മോശ നിഴലായി ചെയ്ത പ്രവൃത്തിയുടെ പൊരുൾ നീ വ്യക്തമാക്കി. ദൈവത്വത്തിന്റെ ആനന്ദസന്ദായകമായ പ്രഭ ഉൾക്കൊള്ളുന്ന രഹസ്യം നിന്റെ ശിഷ്യന്മാരുമൊരുമിച്ചു നീ നിവ്വഹിച്ചു. രണ്ടു നിയമങ്ങളുടെയും അതിർത്തികുറിക്കുന്ന ഈ സന്ധ്യയിൽ പഴയതിനെ നീ അവസാനിപ്പിക്കുകയും, പുതിയതിനെ സമാരംഭിക്കുകയും ചെയ്തു.

ഈ സന്ധ്യയിൽ നിന്റെ ശിഷ്യന്മാരോടുകൂടെ പെസ്സഹായുടെ കുഞ്ഞാടിനെ കൈയ്യേറ്റു നീ ഭക്ഷിച്ചു. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ നീ മരണത്തിന്റെ കൈയ്പുള്ള പാനപാത്രം പാനംചെയ്യുവാനൊരുങ്ങി. ഇന്നു സന്ധ്യയിൽ നിന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകി, ഉന്നതിയിലേയ്ക്കുയർത്തുന്ന താഴ്മയുടെ മാതൃക നീ കാണിച്ചുതന്നു. ഇന്നു സന്ധ്യയിൽ ജീവപ്രദമായ നിന്റെ ശരീരം നിന്റെ കൈയിലെടുത്തു ശിഷ്യസമൂഹത്തിനുനല്കി. പുതിയനിയമത്തിൻ പാനപാത്രവും നിന്റെ സഭയ്ക്കു നീ പ്രദാനംചെയ്തു. ഇന്നു സന്ധ്യയിൽ നിന്നെ ഒററിക്കൊടുക്കുവാനിരുന്ന യൂദായെ താലത്തിൽ മുക്കിയ അപ്പംവഴി നീ വെളിപ്പെടുത്തി. ഇന്നു സന്ധ്യയിൽ ഊമമൃഗങ്ങളെ ബലികഴിക്കുന്ന കത്തിയിൽനിന്നും അവയെ ഉദ്ധരിച്ചു. നിന്റെ ആളത്തത്തിന്റെ സജീവബലിയാൽ മൃഗബലിയെ നീ മായിച്ചുകളഞ്ഞു. ഇന്നു സന്ധ്യയിൽ നിഴലായിരുന്നതിനെ നീ നീക്കിക്കളയുകയും, പൊരുളായതിനെ ഞങ്ങൾക്കു ഭരമേല്പിച്ചുതരുകയും ചെയ്തു. ഇന്നു സന്ധ്യയിൽ ലേവി തന്റെ ശുശ്രൂഷയിൽനിന്നും, അഹറോൻ സമാധാനയാഗം അപ്പിക്കുന്നതായ അവന്റെ ജോലിയിൽനിന്നും വിരമിച്ചു. ഇന്നു സന്ധ്യയിൽ ശെമഊൻ ആദിയായ ശിഷ്യന്മാക്കു പൗരോഹിത്യശുശ്രൂഷ നീ ഭരമേല്പിച്ചുകൊടുത്തു. അതുമൂലം ഭൂമിയിലെ സവ്വജാതികൾക്കും ജീവദായകമായ നിന്റെ ശരീരം വിഭജിച്ചുകൊടുക്കുവാനും കളങ്കരഹിതമായ നിന്റെ രക്തം

പ്രദാനംചെയ്യുവാനുംവേണ്ടി നിന്റെദൈവതചത്തിന്റെഭണ്ഡാരത്തിന്മേൽ അവർ ചുമതല അവലംബിക്കുകയും ചെയ്യു.

മനുഷ്യസ്നേഹത്താൽ ഈ വ്യാപാരങ്ങളെയെല്ലാം നിവ്വഹിച്ചവനായ മ്ശിഹാ കത്താവേ! നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു. ഇവിടെയും എവിടെയുമുള്ള കാതോലികവും ശ്ലൈഹികവുമായ നിൻെറ പരിശുദ്ധസഭയെ നിൻെറ സ്ലീബായാൽ കാത്തുകൊള്ളണമേ. മനസ്സോടും മനസ്സുകൂടാതെയും ഞങ്ങൾ ചെയ്തുപോയ ഞങ്ങളുടെ തെറുകളെയും പാപങ്ങളെയും മോചിക്കണമേ. കുററമില്ലാത്തതും വിശുദ്ധവുമായ ജീവിതത്തിൽ ഞങ്ങളെ അവസാനത്തോളം കാത്തുകൊള്ളണമേ. അന്നു നിന്റെ പരിശുദ്ധ പിതാവിന്റെ കരങ്ങളിൽ ഞങ്ങളെ ധൈയ്യപൂവ്വം ഞങ്ങൾ ഭരമേല്പിക്കുമാറാകണമേ. ശ്രേഷ്ഠമായ നിന്റെ പുനരാഗമനത്തിൽ ഞങ്ങൾ നിന്നിൽനിന്നും കരുണപ്രാപിക്കുവാൻ അർഹരായിത്തീരണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും സ്തോത്രവും സദാ കരേററുമാറാകണമേ.

ഹോശൊ— ...

മെൻ ആലോഹൊ......

"ക്കുക്കോയൊ"

കത്താവാന്യായസ്ഥാനത്തീ സായാഹ്നത്തിൽ
മർത്ത്യവഗ്ഗത്തിൻ വിധിയെ മായിപ്പാൻനിന്നു
ഇരുന്നുഹന്നാൻ-വിധിപൻ കയ്യാഫാ:
അവൻ മരണാർഹൻ–എന്നാജനമാത്തു:
ദൈവപുത്രനാം നാഥനിവയെല്ലാമേററു
രക്ഷിപ്പാനായവൻ വന്നമാനവരിൽനിന്നും.
ഹാലേലുയ്യാ. ഉഹാലേലുയ്യാ.

ബാറെക്മോർ

ദൈവാത്മജനെ കയ്യാഫാവിധിചെയ്യുന്നേരം
മൃത്യുവിന്നേല്പിപ്പാനായാധാരമാരാഞ്ഞു.
സാക്ഷികൾനിന്നു-പൊളിയാരോപിച്ചു:
മതലംഘകനാ-യിവനെ കണ്ടെങ്ങൾ:

ശാബതുനാളിൽ ക്ഷുദ്ധാതുരക്കേകി സൗഖ്യമവൻ
അതിനാലവൻ മരണാർഹനെന്നവരാരവംമുഴക്കി.
ഹാലേലുയ്യാ. ഉഹാലേലുയ്യാ.

എത്രൊ

ഞങ്ങളുടെ ദൈവമായ മ്ശിഹാ കർത്താവേ! ഈ സൗരഭ്യധൂമം അണച്ചുകൊണ്ടു നിന്റെ കരുണയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പഴയതിന്റെ അവസാനവും പുതിയതിന്റെ സമാരംഭവും കുറിക്കുന്നതായ ഈ പെരുനാളിനെ വെടിപ്പോടും വിശുദ്ധിയോടുംകൂടെ ആചരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ പരിശുദ്ധശരീരവും വിജയദായകമായ രക്തവും ഞങ്ങളുടെ ആത്മാക്കളിൽ നീ കലർത്തണമേ. തന്മൂലം ഞങ്ങൾ സർവ്വതിന്മകളിൽനിന്നും മോചനം പ്രാപിക്കുകയും, വിശ്വാസികളായ ഞങ്ങളുടെ പരേതർ ആശ്വാസം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ. ഞങ്ങളും അവരുംകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സദാ കരേറുമാറാകണമേ.

ഹോശൊ......

"ബോത്തെദ്ഹാശൊ"

ഞങ്ങൾക്കായ് നീ.....

അത്താഴത്തിൽ-വാസ്തവമോതി
തൻ ഗാത്രത്തെ-ശിഷ്യന്മാർക്കായ്
ഖണ്ഡിച്ചേററി-യതിന്മൂലം
പീഡാമർമ്മം-വെളിവാക്കി
കന്മഷഹീന-രവർ ഖേദിച്ചു.

ഈ സായാഹ്നെ-തൻ പീഡയും
ക്രൂശും നാഥൻ-വ്യക്തമാക്കി
തങ്ങളിലൊരാൾ-അന്യായമാം
മൂതിയേല്പാൻ-യൂദരുടെ
പക്കലേല്പി-ക്കുമെന്നോതി.

മേലും താഴെ—യും സർവ്വവും
ഭരണം ചെയ്യും-ആ നാഥന്നു്
സ്തുതിയേറേറണം—നാമെപ്പോഴും:
നാനാഭാഗ-ങ്ങളിൽനിന്നും
സ്തോത്രമവൻ-കൈക്കൊള്ളുന്നു.

ലോകം വിധി-പ്പാൻ വന്നീടുമ്പോൾ
വിധിചെയ്യരുതെ-ഞങ്ങളെ നാഥാ.

"മാർ യാക്കോബിൻെറ ബോവൂസൊ"

പീഡ ക്രൂശാൽ— ...
ദേവാ......

ആ രഹസ്യേ-മർമ്മമെല്ലാം—പൂർത്തിയായി
പെസ്സഹായിൻ-കൈയ്യിൻറർത്ഥം-വ്യക്തമായി
മൃതിയിൻ വാ-ർത്തശിഷ്യരെ-കയ്യിലാഴ്ത്തി
രാത്രിയാക-മാനമവർ-ഖേദത്തിലായ്
ദേവാ......

പുത്രൻതൻ ദക്ല-ശത്തിൻമർമ്മം-മെസ്രേനിലെ
കുഞ്ഞാടതിൽ-വരച്ചോനാം-താതാ സ്തോത്രം
തന്നിലെല്ലാം—തീർത്തോനാം സു-താവണക്കം.
സർവ്വം ശുദ്ധി-യാക്കുമാത്മാ-വേ മഹത്വം
ദേവാ......

നാഥാ ഭൂവാ-നം നിൻപീഡ-യിൽ ക്ലേശിച്ചു
മാനോർ വാനോർ-നിൻതാഴ്ചയിൽ-വിസ്മയിച്ചു
ദേവാ......

ഏവൻഗേലിയോൻ
മോറാൻ യേശുമിശിഹാ........
ഹാശായാലടിയാർ......
വിശ്വാസപ്രമാണം.

വെള്ളിയാഴ്ച മൂന്നാംമണി നേരത്തെ പ്രാർത്ഥന

കൗമാ: ചോദ്യം നിജദാസനിൽ നി-
    ന്നേററാൻ മ്ശിഹാ!
വിധിനാളമ്പാലടിയാരിൽ
    ദയ ചെയ്യു.

(മൂന്നുപ്രാവശ്യം)

നാഥാ തേ... —
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

51-ാംസങ്കീർത്തനം

"അൽമൊറിയൊ റൗബൊ ആക്കീം"

പ്രതിവാദത്താൽ യൂദന്മാർ
ബഹളം കൂട്ടീട്ടടയോനെ
തരുവിന്മീതെ ക്രൂശിച്ചു.

ദൈവം വിധിനിലയെ നിന്നു
സൃഷ്ടികളാൽ നിന്ദിതനായി-
ട്ടവയേ മൃതിയാൽ രക്ഷിച്ചു.

വിധിപാ! മ്ശിഹായെ ക്രൂശി-
ക്കെന്നലറീ മെസ്രേനീന്നും
രക്ഷിച്ചോനെതിരായവർ.

മത്സരബുദ്ധികൾ മ്ശിഹായെ
കൊണ്ടിഹ പോയ് വാദംചെയ്തു
വിധിയേററീ കൊലചെയ്തീടാൻ.

ആദാമിനെ നിർമ്മിച്ചോൻ തൻ
തൃക്കൈ കാലുകളിന്മീതെ
യാണിയടിച്ചു ധൃഷ്ടന്മാർ
ബാറെക്മോർ.
ഞങ്ങൾക്കാ യുഴിയിലെത്തി
സ്വേച്ഛയാൽ നരനായവനാം
ദേവാ! നിൻ ദയ സംസ്തുത്യം.

സ്തൗമെൻ കാലോസ്—കുറിയേലൈസോൻ.

പ്രൊമ്യോൻ

ഞങ്ങളുടെ ജീവനെ വീണ്ടെടുത്തു രക്ഷിച്ച പരിശുദ്ധനും, സ്വയം ബലിയായി നല്കി ഞങ്ങളുടെ പാപങ്ങൾ മോചിച്ച ജീവദായകനും, മരിച്ച ഞങ്ങൾക്കു മരണത്തിന്മേൽ വിജയം പ്രദാനംചെയ്തവനും, ക്രൂശാരോഹണംമൂലം ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗം ഞങ്ങൾക്കുകാണിച്ചുതന്നവനുമായ കർത്താവേ! നിനക്കു സ്തുതി. മൂന്നാംമണി—

സെദ്രൊ

ജ്ഞാനമേറിയ സ്രഷ്ടാവായ കർത്താവേ! നീ നിന്റെയും, നിൻെറ പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും തിരുവിഷ്ടത്താൽ വെള്ളിയാഴ്ചയാകുന്ന ആറാംദിവസത്തിൽ ആദ്യമനുഷ്യനായ ആദാമിനെ ശ്രേഷ്ഠമായ ദൈവികരൂപത്തിലും സാദൃശ്യത്തിലും നിർമ്മിച്ചു, സൗഭാഗ്യസമ്പൂർണ്ണമായ ഏദനിൽ വസിപ്പിച്ചു. അവനോ ദൈവദത്തമായ തൻെറ സ്വാതന്ത്ര്യത്തെ ദുർവ്വിനിയോഗം ചെയ്തുമൂലം നീ അവനു നല്കിയിരുന്ന ആനന്ദസമൃദ്ധമായ ജീവിതാവസ്ഥയിൽ നിന്നും ബഹിഷ്കൃതനായിത്തീർന്നു. എന്നാൽ കർത്താവേ! നീ കൃപയാൽ അവൻെറ അരിഷ്ടാവസ്ഥയിൽ അവനേ സന്ദർശിച്ചു. അവനെ രക്ഷിപ്പാൻവേണ്ടി വെള്ളിയാഴ്ചദിവസം പീഡാനുഭവത്തിനും ക്രൂശുമരണത്തിനുമായി നീ ആഗതനായി.

അതുമൂലം, "അവനെ ക്രൂശിക്ക, ക്രൂശിക്ക" എന്നു ഈ വെള്ളിയാഴ്ചദിനം ഹന്നാൻെറയും കയ്യാഫായുടെയും ആള്ള

കൾ നിനക്കെതിരായി ആത്തു. സവ്വത്തിൻെറയും ന്യായാധിപനായ നിന്നേ അവർ ഒരു കുററക്കാരനെന്നവണ്ണം വിധിച്ചു. ഈ വെള്ളിയാഴ്ചദിവസം അതിത്തിയില്ലാത്ത കരുണാസമുദ്രമായ നിനക്കു് അവർ കാടിയും കൈപ്പും നല്കി. ഈ വെള്ളിയാഴ്ച പീലാത്തോസു മഹാരഹസ്യമടങ്ങിയ വിധിത്തീപ്പെഴുതി. ഈ വെള്ളിയാഴ്ചദിവസം, ആകാശവിതാനത്തേ നിർമ്മിച്ചവനായ നീ ക്രൂശുമരണംമൂലമുള്ള പീഢാനുഭവത്തിനായി വന്നു, തിരുവിഷ്ടത്താൽ സ്വയം ക്രൂശിന്മേൽ വിരിച്ചു. ഈ വെള്ളിയാഴ്ചദിവസം വലത്തുഭാഗത്തെ കള്ളൻ നിന്നെ ക്രൂശിതനായി കണ്ടിട്ടു്, ദൈവമായി വിശ്വസിച്ചു. ഈ വെള്ളിയാഴ്ചദിവസം ജീവദായകമായ നിൻെറ ക്ലേശാനുഭവത്താൽ, ആദർശസിദ്ധിക്കുവേണ്ടി യാതനാനുഭവത്തിൻെറയും മരണത്തിൻെറയും ഞങ്ങൾ കൈക്കൊള്ളണമെന്നു നീ ഞങ്ങൾക്കു വെളിപ്പെടുത്തിത്തരുകയും, ക്ലേശത്തിന്മേലും മരണത്തിന്മേലും ആത്യന്തികമായ വിജയം ഞങ്ങൾക്കു നല്കുകയുംചെയ്തു. തന്മൂലം പാപത്തിനു വിധേയമായി തോൽവി പററിയ ഞങ്ങളുടെ മനുഷ്യവർഗ്ഗത്തിനു് ഈ വെള്ളിയാഴ്ചദിനം നിത്യമായ നിർവ്വതി നീ പ്രദാനം ചെയ്തു.

ഈ വെള്ളിയാഴ്ചദിവസം നീതിയിൻ സൂര്യനായ നിന്നേ ക്രൂശിതനായിക്കണ്ടു്, സൂര്യൻ ഇരുളടയുകയും, പാറകൾ പിളരുകയും, ഭൂമി കുലുങ്ങുകയും ചെയ്തു. അഗ്നിമയന്മാരും ആത്മമയന്മാരുമായ സ്വർഗ്ഗീയദൂതന്മാർ ഈ ദിവസത്തിൽ മരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന നിന്നേക്കണ്ടതിൽ അത്ഭുതപരതന്ത്രരായിത്തീർന്നു. സാത്താനും അവൻെറ സൈന്യങ്ങളും ഈ വെള്ളിയാഴ്ചദിവസം തീയുടെ മുമ്പിൽ മെഴുകെന്നവണ്ണം ഉരുകിപ്പോയി. ഈ ദിവസം ഞങ്ങളുടെ മനുഷ്യവഗ്ഗം സാത്താനെയും മരണത്തെയും വെല്ലുവിളിക്കുവാൻതക്ക ശക്തി പ്രാപിച്ചു. ഈ വെള്ളിയാഴ്ച ദിവസം കത്താവേ! വിശ്വാസികൾക്കു നിൻെറ തിരുവിലാവിൽനിന്നും ജീവൻെറ പാനപാത്രമായി രക്തവും വെള്ളവും ഒഴുകി. നിൻെറ മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും രഹസ്യത്തിൽ വിശ്വസിച്ചവരും വിശ്വസിക്കുന്നവരുമായ സവ്വ മനുഷ്യക്കും നീ സമ്പൂർണ്ണമായ വീണ്ടെടുപ്പു നല്കി.

കർത്താവേ! നിനക്കു് അഭേദ്യമായ സ്തുതിപ്പുകളർപ്പിച്ചു കൊണ്ടു നിന്റെ പരിശുദ്ധസഭ ഇപ്രകാരം പറഞ്ഞുകൊള്ളുന്നു. വ്യാപാരപ്രകാരം മഹത്തരമായവിധത്തിൽ സ്വയം താഴ്ത്തിയ ദൈവമായ മ്ശിഹാ! നിനക്കു സ്തുതി. വിജയ മഹിമയിൽ ഉയിർത്തെഴുന്നേറ്റു്, പാപത്തിനധീനമായിത്തോൽ വിഭവിച്ച ഞങ്ങളുടെ വർഗ്ഗത്തെ ഉയർത്തിയ നാഥാ! നിനക്കു സ്തുതി. പീഢാനുഭവത്താൽ പാപത്തിന്മേലും ക്ലേശത്തിന്മേലും വിജയം വരിക്കുവാൻ ഞങ്ങൾക്കു പ്രചോദനം നല്കുന്ന കർത്താവേ! നിനക്കു സ്തുതി. അനാദ്യമായി ഉള്ളവനും അനന്തമായി നിലനില്ക്കുന്നവനുമായ നാഥാ! നിനക്കു സ്തുതി. സ്വാഭാവികമായി പീഢയ്ക്കതീതനായിരിക്കവേ, മനുഷ്യാവതാരത്തിൽ ഞങ്ങൾക്കുവേണ്ടി പീഢയേററവനായ കർത്താവേ! നിനക്കു സ്തുതി. എല്ലാ വായ്കളാലും നിനക്കു സ്തുതി. എല്ലാ നാവുകളാലും നിനക്കു സ്തുതി. എല്ലാ സമയത്തും നിനക്കു സ്തുതി. എല്ലാററിനുവേണ്ടിയും നിനക്കു സ്തുതി. അപ്രമേയനായ നിനക്കു സ്തുതി. അതിർത്തിയാക്കപ്പെടുവാൻ കഴിയാത്തവനായ നിനക്കു സ്തുതി. ആയിരമായിരമായും, പതിനായിരം പതിനായിരമായും നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാപ്പോഴും എന്നേയ്ക്കും സ്തുതി.

ഹോശൊ......

മെൻ ആലോഹൊ......

"ക്ലുക്കോയെയൊ"

സ്രഷ്ടാവാം ദൈവാത്മജൻ സീയോനിൽനിന്നും
വെള്ളിദിനെ മൂന്നാംമണിയിൽ പുറപ്പെട്ടനേരം,
സൃഷ്ടിഗണത്തിൻ–രക്ഷകനാമവനേ,
ഗോഗുൽത്തായിൽ–വധംചെയ്യാനായി:
തൻ തോളിൽ ക്രൂശുംവച്ചവരാനയിച്ചവനെ,
മൃതിയാൽ ലോകം വീണ്ടോനാം ദൈവത്തിൻപുത്രാ!
ഹാലേലുയ്യാ-നാഥാ സ്തോത്രം തേ
ബാറെക്മോർ
സ്ലീബായിൽ തരുവിന്മീതെ ലോകത്തിൻപ്രഭയാം
നീതിയിൻ സൂര്യനാമവനെ തിരുസഭ ദർശിച്ചാൽ

ആണികൾ കൈമേൽ—ചവളംതൻ പാശേ:
ഈ മുറിവുകൾ ക—ണ്ടതിഖേദംപൂണ്ടു:
തിരുസവിധത്തിലട്ടത്തേവംചൊന്നാ ളവനോടായ്
ഞങ്ങൾക്കായ് മൃതിയേററോനേ! ഞാനുംമമസുതരും,
ഹാലേലൂയ്യാ, കുപ്പുന്നു നിന്നേ.

"ബോത്തെദ്ഹാശൊ"

ഞങ്ങൾക്കായ് നീ... —
താതയുതം ദ്യോ—വുവിരിച്ചോനെ
ചമ്മട്ടിവിരി-ച്ചവർ താഡിച്ചു
നിന്ദ്യമാം ക്രൂശേല്പാനേകി:
ലോകാധർമ്മം—നീക്കംചെയ്യാൻ
ഗോഗുൽത്താമേ-ലവനെ തൂക്കി.

പറുദീസായിൽ—തേജോവസ്ത്രം
ആദാം ഹവ്വാ—ക്കേകിയോൻെറ
വസ്ത്രം ആദാം-മക്കൾ ചീന്തി:
പറുദീസിൻ ഭാ-ഗ്യങ്ങൾക്കെതിരായ്
തൻ വസ്ത്രത്തി-ന്നായ് ചീട്ടിട്ടു.

സൽ സേവകരാം—സഭതൻ മക്കൾ
മൂന്നാംമണിയി-ലവരെ കൂലി-
ക്കായ് ചേർത്തോനാ-മാരാജാവി-
ന്നേററട്ടെ ചി-തമാം സ്തോത്രം
മുമ്പരവര-ല്ലെന്നാലും
ലോകം വിധി-പ്പാൻ......

"മാർ അപ്രേമിൻെറ ബോവൂസൊ"

നാഥാ ഞങ്ങൾക്കായുള്ള......
ദേവാ......

വെള്ളിദിനെ ദോഷികളൊപ്പം
ഉടയവനാം നിന്നേ ക്രൂശിൽ
പതിക്കപ്പെട്ടവനായ്ക്കണ്ടെ

സൃഷ്ടിഗണം കൂരിരുളാണ്ടു
മാധുര്യത്തിൻ നീരുറവ-
യ്ക്കേകിയവൻ കൈപ്പും പുളിയും
ദേവാ......

മുടിമന്നർക്കേകുന്നോനെ
മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദം ചവളമൊഴിച്ചോൻെറ
ഏത്തുപിളർന്നു ചവളത്താൽ
ക്രൂശകരതിനിന്ദാപൂർവ്വം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനനെങ്കിൽ സ്ലീബായിൻ
തരുവിൽനിന്നുമിറങ്ങിവരൂ
ദേവാ......

ഈശോനൃപനേ ജേതാവേ!
നിൻ ത്രിതപത്തിന്നായ് സ്തോത്രം
കഷ്ടതയേശീടാത്തൊരു നിൻ
നിത്യസ്ഥിതിയതിനായ് സ്തോത്രം.
നിൻ ശ്രേഷ്ഠതവെളിവാക്കിയൊരാ
ജഡധാരണമതിനായ് സ്തോത്രം
നിന്മഹിമാവിന്നുന്നതിയെ
താഴ്ത്തിയ കരുണയ്ക്കായ് സ്തോത്രം
ദേവാ......
നാഥാ ഞങ്ങൾക്കായുള്ള.......
ദേവാ......

സൂഗീസൊ

"കും പൗലോസ്" എന്ന രാഗം

സകലം മോചിച്ച-കുഞ്ഞാടതിധന്യൻ
തിരുരക്തക്കാലഖിലം-വീണ്ടോനേ സ്തോത്രം.

നിർമ്മലമായീട്ടും-ജീവനയാഗത്തിൻ
ക്രൂശതിനെകാണ്മാൻ-ജനമൊന്നായ് കൂടി
പ്രവചിക്കുക മ്ശിഹാ-നിന്നേയടിച്ചോനാ-
രെന്നുദ്ഘോഷിച്ചാ-ക്ഷേപം ചൊന്നാർ

കുത്തും താഡനവും-ക്ഷമയോടു കൈക്കൊണ്ടാൻ:
ശാന്തനെ നിന്ദിച്ചാർ-കോപമവ-നുണ്ടാ-യില്ല.
അത്ഭുതകുഞ്ഞാടിൻ-കാഴ്ചയ്ക്കായ് ചെന്നു
ഉത്സവമെന്നോണം-തിരുസവിധത്തിൽ.

തോളിന്മേൽ ക്രൂ-ശിനെ യേന്തുന്നോനെ!
യെരുശലേംകാരാം-നാരികൾകണ്ടു.
ജീവൽസാഫല്യം-നല്കീടുന്നോനായ്
വിലപിച്ചീടാനവ-രാരംഭിച്ചു.
നൃപനേ കൊണ്ടങ്ങേ-യെങ്ങിഹപോകുന്നു
രക്ഷകനെയെന്തി-ന്നിത്തരുനീ-പേറീ-ടുന്നു.
ദാവീദിൻഗീതം-തംബുരുനാദത്തോ
ടവരാലാപിച്ചി-ട്ടുഴലൊടു കേഴുന്നു.

ക്രൂശു ചുമക്കുന്നോ-നാമവനെക്കണ്ടു
സ്ത്രീജനമത്യന്തം-മാലൊടു കേണു
അവരുടെ നേരേ താ-നങ്ങുതിരിഞ്ഞോതി.
നാരികളേയെന്തി-ന്നിതി കേഴുന്നു.
യെരുശലേമിന്നായ്-കാന്തതനൂജക്കായ്
നിലവിളിയപ്പിപ്പിൻ-എന്നേയോ-ർത്തു-വേണ്ടാ
യെരുശലേമിൻ-നാശമിഹാസന്നം
തൽസുതരതിൽ-നിന്നും ചിതറീടും.

സൃഷ്ടി സമൂഹത്തേ-യേന്തീടും വീരൻ
ഗോഗുൽത്തായിൽ-വന്നെത്തിച്ചേർന്നു
സീമകളെ ശക്ത്യാ-കെട്ടിയുറപ്പിച്ചോൻ.
യൂദന്മാരാൽ മൃത്യ-വിന്നിരയായ്
തരുവാം ക്രൂശിന്മേൽ-അവരവനേയേററി:
നീതിബോധത്തിൻ-കണികയും-കാട്ടാ-തയ്യോ
കൈകാലുകൾ മേൽ-ആണിയടിച്ചേററി
തരുവിന്മേൽതന്നെ-നഗ്നം തൂക്കി.

"ഓതാഗോറേ"

മ്ശി-ഹാതൻ ക്രൂ-ശാൽ നാം ര-ക്ഷിതരായി
സ്തോ-ത്രം പാടി-യവനേ വാ-ഴ്ത്തുകസഭയേ

ഏ-ററാനടി മൗ-നം വിധിഗേ-ഹേ വിമലൻ
പൈ-ശൂന്യത്താ-ലീശോയെ-പ്രതിയാത്തു.
വിധിനാഥാ-ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ-സുതനേ ക്രൂശിക്ക
സൗഖ്യദനെ-യവർ തള്ളി-ഭ്രമമാർന്നീടുക ധരയെ

ന്യാ-യസ്ഥാനെ-നിന്ദിതനായ്-നില്ക്കുന്ന
സ്ര-ഷ്ടാവിനെ-ക്കണ്ടവരാം-ദൂതഗണം
ക്രൂശകരെ-ഹനിപ്പാൻ വിറപൂണ്ടാർ
ജനകാംഗ്യ-ത്താലവർ ശമമാർന്നു
നിന്ദിതനാ-യവനിഷ്ടാൽ-തീപൂണ്ടോർശാന്തരതായ്

ന്യാ-യേശാ വാ-യിക്കുക കാ-ണുക നിയമം
ധാ-ർമ്മികനാം-നിർദ്ദോഷിയെ-കൊന്നിടുമോ?
പ്രതിദാനം-കണ്ണിന്നു കണ്ണല്ലൊ
കുരുടക്കായ്-കാഴ്ചകൊടുത്തീശൊ
കാണിച്ചീ-ടുക നിയമം-ചൊല്ലുന്നെന്തിഹ നീതി.

ഘാ-തനെങ്കിൽ-നിയമത്താ-ലെന്തുളവാം
പ്രാ-ണപ്രദനാ-ണൊന്നാലെ-ന്തരുളുന്നു.
ലാസറസേ-വിധവാ നന്ദനനേ!
പ്രഭുസുതയാം-ബാലികയെ! വരുവിൻ
ഉയിർപൂണ്ടോ-രാം മൃതരേ-നിരസ്സി-പ്പിൻ ക്രൂശകരേ.

കു-ററവാളി-യായ് തീർന്നാൻ-മർത്ത്യകുലം
തൽ-രക്ഷാർത്ഥം-ഉടയോൻ പ്രാ-ണമേററു.
അടിയേററാൻ-നാഥൻ ദാസന്നായ്
അവനതിനാൽ-സ്വാതന്ത്ര്യംനേടി:
ദോഷിയെ നീ-തീകരിപ്പാൻ-ധർമ്മചരൻഹിതമാർന്നു,

നാ-ഥാ നീ ര-ക്ഷിച്ചോരാം-നാവുകളും
വായ്-കളുമങ്ങേ-സ്നേഹത്തേ-വാഴ്ത്തുന്നു

സ്തോത്രം തേ-മാനവനായോനേ!
സ്തോത്രം തേ-സ്ലീബായേറോനേ!
ഉത്ഥിതനാ-യാരോഹാൽ-നൈർമ്മല്യം തന്നതിനാൽ

ഏവൻഗേലിയോൻ

കൗമാ: ദാ-സനാൽ വിധി-യിലടിയേറോൻ
മ്ശിഹാ!
വിധിനാളടിയാരിൽ ദയയാൽ
കൃപചെയ്യ.
(മൂന്നു പ്രാവശ്യം)

നാഥാ തേ......
സ്വർഗ്ഗസ്ഥനായ......

ആറാംമണിനേരത്തെ പ്രാത്ഥന

കൗമാ: ദാസ—നാൽ വിധിയിൽ നിന്ദിക്കപ്പെട്ട
മ്ശിഹാ—വിധിദിവസെ കനിവാൽ
കൃപചെയ്യു.

(മൂന്നു പ്രാവശ്യം)

നാഥാ! തേ......
സ്വർഗ്ഗസ്ഥനായ... ...

51—ാംസങ്കീർത്തനം

"ഹൗ ദഹൈവാ ബ്വക്രൊ"

ക്രൂശിൻ പീ-ഢകളോടൊപ്പം
മുൾ-മുടിയേറേറാനേ
ദേവാ...
നരവംശ-ത്തിൻ രക്ഷയ്ക്കായി
സ്വ-ഹിതാൽ ക്രൂശേറിയ
ദേവാ... ...
നിന്ദാപൂ—വ്വം തൻ തിരുതലയിൽ
മു-ള്ളിൻ മുടിയവരണിയിച്ച
ദേവാ...
ക്രൂശിന്മേൽ—തന്നെക്കണ്ടതിനാൽ
സൂ-യ്യനിരുളാൽ പ്രഭനീക്കിയ
ദേവാ......

ബാറെക്മോർ.

താണോരു—ന്നതനേ സ്തോത്രം
ക്രൂ-ശാലുന്നതിയേകുന്ന
ദേവാ... ...
സ്തൗമെൻ കാലോസ്—കുറിയേലൈസോൻ.

പ്രൊമ്യോൻ

തിരുഹിതാനുസരണം ഞങ്ങൾക്കുവേണ്ടി മരണമനുഭവിച്ചപ്പോൾ ക്രൂശുമരം ചുമന്നവനായി സ്വശക്തിയാൽ സൃഷ്ടികളെ സംരക്ഷിക്കുന്ന ബലവാനും; പുണ്യകരമായ രക്തംചിന്തി മനുഷ്യവർഗ്ഗത്തിൻെറ കടഭാരം നീക്കിക്കളഞ്ഞ മറഞ്ഞിരിക്കുന്ന അത്യുന്നതനും; പ്രകൃത്യാ കേവലനായിരിക്കവെ, മനുഷ്യാവതാരംചെയ്ത്, അതുമൂലം തൃക്കൈകൾ നീട്ടി ഭൂതലത്തിൻെറ നാനാഭാഗങ്ങളെയും അനുഗ്രഹിക്കുന്നവനും; സ്വകീയമായ മഹിമയിൽനിന്നും മാറാതെ, ഞങ്ങളുടെ രക്ഷയ്ക്കായി ആഗതനായ പ്രകാശത്തിൻെറയും ഉദയത്തിൻെറയും നാഥനുമായ കർത്താവേ! നിനക്കു സ്തുതി.

നിനക്കു......

സെദ്രൊ

ജ്ഞാനിയായ സ്രഷ്ടാവേ! നിനക്കു സ്തുതി; നിനക്കു സ്തോത്രം. ജ്ഞാനത്താൽ നീ ലോകത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചു ക്രമീകരിച്ചു. നിൻെറ ഏകപുത്രൻെറ പീഡാനുഭവത്താൽ സൃഷ്ടിയെ നീ നവീകരിച്ചു. സാക്ഷാൽ സ്വതന്ത്രനായ അവൻ വെള്ളിയാഴ്ചദിവസം അതിരറ്റതില്ലാത്ത അനുസരണം പ്രകടമാക്കി. തന്മൂലം മനുഷ്യൻെറ അനുസരണക്കേടിന് ആവശ്യമായ പ്രതിവിധി അവൻ ഉദ്ഘോഷിച്ചു. പാപിയായ മനുഷ്യൻ അവനുവേണ്ടിയ ഒരുക്കിയ ക്ലേശവും ക്രൂശുമരണവും അവൻ സഹിച്ചു. മനുഷ്യനോ തൻെറ ഹൃദയം കഠിനമാക്കി, സ്രഷ്ടാവിനെ തിരിച്ചറിയാതെ കൊല നിർവ്വഹിപ്പാനും കുററമില്ലാത്ത രക്തം ചിന്തുവാനും മുതിർന്നു.

അവർ രക്ഷകനെ പിടിച്ചു ന്യായസ്ഥലത്തേക്ക് ആനയിക്കുകയും, ന്യായാധിപനേ ഏല്പിക്കുകയുംചെയ്തു. അവനേക്കൊണ്ടു കുരിശു ചുമപ്പിച്ച് അവർ അവനേ ഗോഗുൽത്തായിലേക്കു കൊണ്ടുപോയി. അവിടെ കുരിശുനാട്ടി അതിന്മേൽ അവർ അവനെ കയററി. ശ്രേഷ്ഠമായ അവൻെറ തലമേൽ അവർ മുൾകിരീടം വച്ചു. അവൻെറ മുഖത്ത്

അവർ തുപ്പി. നിന്ദാസൂചകമായി ചുവപ്പുവസ്ത്രങ്ങൾ അവർ അവനെ ധരിപ്പിച്ചു. കാടിയും കൈയ്പുനീരും അവനെ കുടിപ്പിച്ചു. അവൻെറ കൈകാലുകളെ അവർ തുളച്ചു. അവൻ്റെ വിലാവിൽ അവർ കുത്തി, ജീവനെയും മരണത്തെയും കുറിക്കുന്ന രക്തവും വെള്ളവും അവിടെനിന്നും ഒഴുകി. അവനോ ഉന്നതശബ്ദത്തിൽ, "എൻെറ ദൈവമേ! എൻെറ ദൈവമേ! എന്നേ കൈവിട്ടതെന്തു്?" എന്നു് അട്ടഹസിച്ചു പറഞ്ഞു. അവൻെറ ശബ്ദംമൂലം ഭൂമി കുലുങ്ങി; പാറകൾ പിളന്നു; സൂര്യൻ അന്ധമായി; ദേവാലയത്തിൻെറ വാതിൽമറ മുകൾ മുതൽ താഴെവരെയും കീറിപ്പോയി.

തങ്ങളുടെ നാഥൻ മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നതു കണ്ടു് അഗ്നിമയന്മാരിളകുകയും, ആത്മമയന്മാർ ചുളിയുകയും, സ്വർഗ്ഗീയഗണങ്ങൾ പരിഭ്രമിക്കുകയും, മാലാഖമാർ വിസ്മയിക്കുകയും, ക്രൂബകൾ വിഭ്രാന്തരാകുകയും, സ്രോപ്പുകൾ ചുളുങ്ങുകയും ചെയ്തു. സ്രഷ്ടാവിൻെറ നാണംകാണാതെയിരിപ്പാൻവേണ്ടി സൂര്യൻ തൻെറ കിരണങ്ങളെ മറച്ചു. അനാദ്യന്തമായ പ്രകാശം മരത്തിന്മേൽ പതിക്കപ്പെട്ടതിനാൽ പകൽ മദ്ധ്യാഹ്നസമയത്തു് അന്ധകാരം ആശ്ലേഷിച്ചു. ശ്ലീഹന്മാർ ഓടി ഒളിച്ചു. സ്നേഹിതന്മാർ ചിതറിപ്പോയി.

ബ്രക്കിയായുടെ പുത്രനായ സഖറിയ! ഉണർന്നെഴുന്നേല്ക്കുക. "ആടുകൾ ചിതറിപ്പോകേണ്ടതിനായി ഇടയനെ വെട്ടുക"എന്നുള്ള നിൻെറ പ്രവചനം നിവൃത്തിയായിരിക്കുന്നു. അഗ്നിമയന്മാരെവിടെ? തീജ്വാലധാരികൾ എവിടെ? മിഖായേലേ! നിൻെറ വൈരാഗ്യം എവിടെ? അസ്സീറിയരുടെ ആയിരങ്ങളെ നിഗ്രഹിച്ച നിൻെറ വാൾ എവിടെ? മാലാഖമാരുടെ നേതാവായ ഗബ്രിയേലേ! നിൻെറ ഉഗ്രത എവിടെ?

ശിഷ്യന്മാരേ! നിങ്ങൾ ഭയപ്പെടാതെ ശക്തിയും ധൈര്യവും അവലംബിച്ചു് ഒരുമിച്ചുകൂട്ടുവിൻ. ശെമഓനേ! നീ എവിടേയ്ക്കു പോകുന്നു? യോഹന്നാനേ? നീ എവിടേയ്ക്കു ധൃതിയിൽ മാറുന്നു? ബർത്തുലമായിയേ! നീ എവിടേയ്ക്കു ഓടുന്നു? തോമാസേ! നീ എവിടേയ്ക്കു നീങ്ങുന്നു? ഫീലിപ്പോസേ! നീ എവിടേയ്ക്കു് ഒഴിഞ്ഞുമാറുന്നു? അന്ത്രയോസേ! നീ

എന്തിന്ന വിഷാദിക്കുന്നു? യാക്കോബേ! നീ എന്തിന്ന വില പിക്കുന്നു? ലാബീ! നീ എന്തിന്നു കരയുന്നു? ശ്ലീഹന്മാരേ! നിങ്ങൾ ചിതറിപ്പോകുവാൻ ബദ്ധപ്പെടരുതു്. ഇന്നു നിങ്ങളുടെ ഗുരു പ്രഹരമേല്ക്കുന്നു എന്നുവരുകിലും, പ്രവാചകൻ അവനേക്കുറിച്ചു് ഉദ്ഘോഷിച്ചപ്രകാരം, ഞായറാഴ്ച അവൻ ഉയിർത്തെഴുന്നേല്ക്കും. ഇന്നു നിങ്ങൾ ഓടി രക്ഷപെട്ടവാൻ യത്നിച്ചാലും, ഞായറാഴ്ച നിങ്ങൾ ഒരുമിച്ചുകൂട്ടും. ഇന്നു നിങ്ങൾ ഭയംമൂലം ഓടുന്നു. ഞായറാഴ്ച നിങ്ങൾ സന്തോഷഭരിതരായി സമ്മേളിക്കും. ഇന്നു ഭീതിയും ആശങ്കയുമാകുന്നു. ഞായറാഴ്ചയൊ സന്തോഷവും ആനന്ദവുമായിരിക്കും.

ഞങ്ങളെപ്രതി നിന്ദ്യമായ മരണം അനുഭവിച്ചവനായ കർത്താവേ! നിന്റെ പീഡാനുഭവത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ ഞങ്ങൾക്കു ശക്തി നല്കണമെ. മനുഷ്യവർഗ്ഗം ദൈവത്തെ ഉപേക്ഷിച്ചു സ്വയത്തിൽ ആശ്രയംവയ്ക്കുകയും, ദൈവരാജ്യത്തിന്നു പകരമായി അവനവനെ ഉയർത്തുവാൻ യത്നിക്കുകയും ചെയ്യുന്നതുമൂലം ലോകത്തിൽ നടമാടുന്ന തിന്മയെയും ക്ലേശാനുഭവത്തെയും, സ്വന്തമായി യാതൊരു പാപവും ചെയ്യാതെ, നീ ഞങ്ങൾക്കുവേണ്ടി അനുഭവിച്ചു. കർത്താവേ! നിന്റെ സ്വഭാവം ഞങ്ങൾക്കു തരണമേ. അജയ്യമായ ദൈവികസ്നേഹത്തിന്റെ ശക്തിയെ ഉദ്ഘോഷിക്കുന്ന നിന്റെ ഉയിർത്തെഴുന്നേല്പിൽ അവലംബംവയ്ക്കുവാൻ ഞങ്ങളെ അനവരതം സഹായിക്കണമേ. ആ ശക്തിയിൽ നിന്നോടുള്ള സജീവബന്ധം പുലർത്തിക്കൊണ്ടു ഞങ്ങളും തിന്മയെയും അധർമ്മത്തെയും എതിർക്കുവാൻ നിത്യവും ഒരുങ്ങുവാനാവശ്യമായ ബലവും ധൈര്യവും ഞങ്ങൾക്കു ദിനംതോറും നല്കണമേ. നിന്റെ രാജ്യാനുഭവത്തിൽ ഞങ്ങൾ ദിനംതോറും ജീവിച്ചുകൊണ്ടു്, അതു ലോകത്തിൽ നടമാടുവാൻവേണ്ടി നിലകൊള്ളുമാറാകണമേ. ഞങ്ങൾ, നിന്നാൽ രക്ഷപ്രാപിച്ച സർവ്വരുമൊരുമിച്ചു് നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവും സദാ സമർപ്പിക്കുമാറാകണമേ.

ഹോശൊ......

മെൻ ആലോഹൊ......

"ബോത്തെദ് ഹാശൊ"

ഞങ്ങൾക്കായ് നീ.......

അന്ധകാര-സന്തതികളാ-
മവർ ദൈവിക-കുഞ്ഞാടിനെ
ക്രൂശിൻമര-ത്തിന്മേൽ തൂക്കി:
അവൻ നല്കിയ-ബഹുനന്മയ്ക്കായ്
കൈപ്പേറിയതാം-പുളിവീഞ്ഞേകി.

സ്നേഹത്താൽ യാ-തനയേററു
നരവംശത്തിൻ-പാപംമൂലം
ജേതാവായി ക്രൂശിൽ തൂങ്ങി.
പീഢകക്കായ്–മോചനമർത്ഥി-
ച്ചജ്ജയ്യമാം-സ്നേഹംകാട്ടി.

ലോകം വിധി-പ്പാൻ വന്നീടുമ്പോൾ.

"മാർ യാക്കോബിൻെറ ബോവൂസൊ"

പീഢ ക്രൂശാൽ ......
ദേവാ......

യാഗാർത്ഥം ദൈ-വികജീവ-കുഞ്ഞാടെത്തി.
അപ്പകരാ-മാചാര്യരായ്-ക്രൂശകരും
സഭയതിൻ-മൂലക്കല്ലാം-തന്നെയവർ
ഗോഗുൽത്തായിൽ-ക്രൂശ്മരമ-തിന്മേൽ തൂക്കി.
ആഴം വിണ്ണി-വകൾമദ്ധ്യേ-തൂണായ് നാട്ടി
നിന്നാൻവീരൻ-പോൽലോകത്തിൻ–ഭാരംതാങ്ങാൻ
ദേവാ......

മദ്ധ്യാഹ്നെയി-രുൾ കുന്നിച്ചി-ക്ഷിതിമൂടി
ജ്യോതിർനാഥ-നവനെന്ന-തിനാൽ തേരി
തേജസവിയെ-യുദ്ഘോഷിപ്പാൻ–വെട്ടംമാഞ്ഞോ?
ക്രൂശിതൻ ദൈ-വാത്മജനേ–ലോകം കണ്ടു.
നാഥൻ നഗ്ന-നെന്നുഗ്രഹി-ച്ചോനാം സൂര്യൻ
തൻ നാണം ദർ-ശിക്കായ്വാൻ ന-യനംമൂടി.
ദേവാ......

താതൻ നോഹിൻ–തൻ നഗ്നത-കാണായ്വാനായ്
ശേം യാഫേത്തും-ചെയ്തതുപോൽ-സൂര്യസോമർ
നോഹിന്നുടയോൻ തൻനാണം-ദർശിച്ചില്ല.
നീതിമഹാ-ക്കൻ ക്രൂശിന്മേൽ-മേവീടുമ്പോൾ
സൃഷ്ടിക്കെങ്ങീ-നേകം വെട്ടം-ചൊന്നാൻ സൂര്യൻ
തസ്കരമ–ദ്ധ്യേനഗ്നനായ്-നാഥൻ മേവി.
ദേവാ……

പകലെങ്ങി-നെ തൻശോഭ-വെളിവാക്കും?
ജ്യോതിർവ്യൂഹ-ത്താലങ്കിത-മാം ഗഗനം
നാഥനേ വൃ-ക്ഷത്തിൽ ദർശി–ച്ചന്ധമായി
മദ്ധ്യാഹ്നെ ക്രൂ-ശിന്മേൽ പുത്രൻ–നഗ്നംമേവി
തൻശബ്ദത്താൽ-മൃത്യുവീഴ്ച-സംപ്രാപിച്ചു
രക്ഷയെങ്ങൾ-ക്കേകിയോനാം-നാഥാസ്തോത്രം
ദേവാ……

നാഥാ ഭൂവാ–നം നിൻപീഢ-യിൽ ക്ലേശിച്ചു
മാനോർവാനോർ–നിൻ താഴ്ചയിൽ-വിസ്മയിച്ചു
ദേവാ……

സൂഗീസൊ

"കം പൌലോസ്" രാഗം

ബലികളെ നീക്കീടും-തിരുബലി ധന്യംതാൻ
മോചനമേകീടും-ബലിയെ സ്തോത്രം

അഗ്നിത്തേരിന്മേൽ-സ്ഥിതിചെയ്യുന്നോനേ
ക്രൂശിന്മേലേറി വെള്ളിദിനത്തിൽ
വച്ചു തറച്ചാർതൻ പാണികളത്യുഗ്രം
കാലുകളും ലേശം-കരളലിവെന്യേ
ആംഗ്യത്താൽ വാനോ-ടാഴവുമേന്തുന്നോൻ:
തിരുവിഷ്ടംമൂലം-ക്രൂശിനേ-ത്താനെ-യേന്തി.
ഈറേന്മാർമൂലം-കാന്തിയേയേന്തുന്നോൻ
തരുവിന്മേൽ നഗ്നം-തൂക്കപ്പെട്ടു.

വെള്ളിയതാം നാളിൽ-സൃഷ്ടിഗണം കേണു.
തൽ സ്രഷ്ടാവിൻെറ-കഷ്ടതകൾക്കായ്
യെരുശലേംകാരാം-ബഹുമാന്യസ്ത്രീകൾ
നാഥൻക്ലേശത്തെ-യോത്തുകരഞ്ഞാർ.
ജ്യോതിസാൽവാനം-പാറകളാൽപാരും
മൃതരാൽശീയോളും-തിരുമാഹാത്മ്യം-ഘോ-ഷിച്ചു
തൻമൃത്യുവിൻെറ-വാസ്തവമാമത്ഥം
ക്രൂശകരശേഷം-ഗ്രഹിച്ചതുമില്ല.

വെള്ളിയിൽ വംശത്തിൻ-നാഥനേയേദനിൽ
ആദാമേ! നീയെ-ങ്ങെന്നു വിളിച്ചാൻ
താതാ! നീയെന്നേ യെന്തിനു കൈവിട്ടെ-
ന്നോതിയവൻ വൃക്ഷേ-വെള്ളിയതാംനാൾ.
വെള്ളിദിനേയാദാം—ഏദനിൽ വഞ്ചിതനായ്
തൽപരിഹാരാത്ഥം-വെള്ളിയിൽ താൻ-ക്ലേശി-
തനായ്

നരവഗ്ഗത്തേയോ-ത്തതിഖേദമേററ
നരവത്സലനാം-നാഥാ തേ സ്തോത്രം.

ക്ലേശത്തിന്നധീ-നമാമീലോകെ
വലയുന്നോരാ-നരവഗ്ഗത്തെ
പ്രത്യാശയേററി-വീണ്ടെടുപ്പാനായ്
സ്നേഹമാം ദൈവ-ത്തിൻ കാരുണ്യം
ക്രൂശ്മരണത്തിൻ-വേദനയിൽപോലും:
സന്ദേഹമെന്യേ-യുദ്ഘോഷി-ച്ചോനാം-നാഥാ!
നിന്നാദശം കൈ-ണ്ടൈഹികജീവിതം
നയിപ്പാനെങ്ങൾ-ക്കേകുക നിൻദാനം.

"ഓതാഗോറേ"

മ്ശിഹാതൻ ക്രൂശാൽ നാം ര-ക്ഷിതരായി
സ്തോ-ത്രംപാടി-യവനേ-വാഴ്ത്തുക സഭയേ
തേ-ജോമയ നാ-ഥൻ ക്രൂശി-ന്മേലേറി
പാ-വനനെക്കൊ-ന്നീടാൻ ക്രൂ-ശകരാത്തു.
ചെന്നായ്ക്കൾ-കുഞ്ഞാടതുപോലെ
അവരവനേ-വധിപ്പാനായ്ക്കൂടി:

ഹിതമൊട്ട വേ-ദനയേറേറ-
വരെയും വീ-ണ്ടാൻ ക്രൂശാൽ.

തേ-ജസ്സു തരാം-ശിഷ്യന്മാർ-പാഞ്ഞോടി.
ക്രൂ-രിരുളുകൾ തേ-ജോ മയനെ—പിടികൂടി
ഹന്നാനും-കയ്യാഫാതാനും
വാമവശം—ചേർന്നോൻ യൂദായും
ദേ-ഷത്താൽ-ദക്ഷിണഭാ-ഗാധിപനെ ക്രൂശിച്ചു.

ചൊ-ല്ലുന്നു മരം-കഷ്ടമെനി-ക്കെന്നുളവായ്
സ്രൂ-ഷ്ടീശനെയെൻ-മീതെഹാ-ക്രൂശിച്ചാർ
മഴ മഞ്ഞെ-ന്നിവയാലവനെന്നേ
പോററി ഞാ-നപകാരംചെയ്തു:
സ്നേഹത്താൽ-ക്രൂശിതനാം-കർത്താവേ! തേ സ്തോത്രം.

എൻ-സുതനായ് തീ-ർന്നോനാം നാ-ഥാ! നിന്നേ
ഈ-തരുവിൽ നി-ർദ്ദയമവർ-തൂക്കിയല്ലൊ.
സകലക്കും—നന്മകൾ നീയരുളി:
സൗഖ്യം നീ-നിഖിലക്കും നല്കി:
പ്രതിഫലമായ്-ക്രൂശിന്മേ-ലെന്തി-ന്നീപരിഹാസം?

ദോ-ഷം ചെയ്തെ-ന്തേരുശലേം-പുത്രികളെ!
നി-ങ്ങടെ കാന്ത-ക്കുപകാര-മവൻചെയ്തു.
തുപ്പലിനാൽ-കാഴ്ചകൊട്ടത്തന്ധ-
ക്കരുളാൽ കു-ഷ്ഠാർത്തർക്കമലതയും:
കാന്തസുത-ന്മാരവരോ-പകരം താഡിച്ചവനേ
നാ-ഥാ! മകനേ! എങ്ങിനെ ഞാൻ-കേഴേണം
തോ-ഴികളും പാ-വനമാം സം-ഘവുമെന്യേ?
ക്രൂശതിനെ—ഘാതകർ ചൂഴുന്നു:
നിൻമൃതി-ക്കായവരുഴറുന്നു.
മൂകമതാം—സൃഷ്ടിക്കേ-കുക കേഴാനാരാവം.

മൂ-കതയൊ നിർ-മ്മലരക്തം-വീണധരേ!
ക്രൂ-ശകരായോ-ക്കൾ ഭ്രമമേ-റുക വലുതാം
പാറകളേ!—ആർക്കുക കല്ലുകളേ!
ശാസിപ്പിൻ—ക്രൂശകരെ നിങ്ങൾ:
താൻ നഗ്ന-നായതിനാ-ലിളകിട്ടുവിൻപ്രകൃതികളെ.

സ-ർവ്വത്തിന്നു-മുടയവനാം-ദൈവത്തിൽ
എ-ന്നന്നേയ്ക്കും-സ്ഥിതിചെയ്യു-മാസ്നേഹം
ക്രൂശിന്മേ-ലുദ്ഘോഷിതമായി: എന്നും
അതിൻപ്രഭയിൽ-ജീവിപ്പാൻ ~~ഞങ്ങൾ~~
നാഥാ! നിൻ കാരുണ്യം ചൊരിയണമേ
ഞങ്ങൾമേൽ

ഏവൻഗേലിയോൻ

കൗമാ: നാഥാ!—നിൻ വരവിൻ മഹിമാ
ദിവസത്തിൽ

അടിയാ-രേയോർക്കുക കള്ളനെയെന്നതുപോൽ
(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും……

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ……

ഒമ്പതാംമണിനേരത്തെ പ്രാത്ഥന

കൗമാ: ക്രൂശാൽ-തവ സ്നേഹമുദ്ഘോഷിച്ചവനാം
മ്ശിഹാ-യേകണമേ ദയ നിൻ ദാസർമേൽ
(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും……
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ… …

"ബസ്ലീഹൊ അം ആവോലെ"
എന്ന രാഗം

അവരെ ദശിപ്പാൻവന്ന
ദൈവജാതനേ ക്രൂശിൽ
ദ്രോഹികളൊപ്പമവരെണ്ണി.

ദേവേശനു ദാഹിച്ചപ്പോൾ
പുളിവീഞ്ഞും കൈയ്യും നല്കി
നിറവേറി നിബിതൻ വാക്യം.

മന്നൻ ദാവീദോതിയപോൽ
തൻ വസ്ത്രത്തെ പങ്കിട്ടാൻ
ചീട്ടിട്ടാർ തന്നങ്കിക്കായ്

വിശ്വസ്ത സഭാമക്കൾക്കായ്.
ക്രൂശിനെ കെല്പിയലും വലുതാം
ആയുധമായ് തീർത്തോൻ ധന്യൻ.

ദുഷ്ടൻ, തൻ സേനകളീന്നും
വിശ്വാസിനിയാം വിമല സഭ-
യ്ക്കാകട്ടെ സ്ലീബാ കോട്ട.

ബാറെക്മോർ.

ക്രൂശാൽ സഭ ഭക്ഷിതയായി
കുരിശിനേ നിരസിക്കാത്തതിനാൽ
കുരിശതിനെക്കാക്കുന്നെന്നും.
സ്തൗമെൻ കാലോസ്—കുറിയേലൈസോൻ.

പ്രൊമ്യോൻ

ദൈവികമായ തന്റെ സ്വഭാവത്തിൽ സർവ്വത്തിൽ നിന്നും മറഞ്ഞിരിക്കുന്ന സർവ്വോന്നതനും; ഞങ്ങൾക്കുവേണ്ടി തിരുവിഷ്ടത്തോടെ ക്ലേശാനുഭവത്തിനായിവന്ന ക്ലേശങ്ങൾക്കതീതനും; ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കൃപയാൽ ശരീരത്തിൽ മരണമടഞ്ഞ അമർത്യനും; കരുണയാൽ പാപത്തിന്റെ കടപ്പാടിൽനിന്നും ഞങ്ങളെ വിടുവിക്കവാൻവേണ്ടി പീലാത്തോസിന്റെമുമ്പിൽ ന്യായവിസ്താരത്തിനായി നിലകൊണ്ട ന്യായാധിപന്മാരുടെ ന്യായാധിപതിയും; ഞങ്ങൾക്കുവേണ്ടി ജനകന്നു പ്രാർത്ഥനയർപ്പിച്ച പ്രാർത്ഥനകൾ സ്വീകരിക്കുന്നവനുമായ കർത്താവേ! നിനക്കു സ്തുതി.

നിനക്കു......

സെദ്രൊ

അത്യുന്നതനും സർവ്വോപരിസ്ഥനുമായ ദൈവമേ! ...റ രൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ നിർമ്മിച്ച ...യ നിന്നേ ഞങ്ങൾ സ്തുതിച്ചു സ്തോത്രംചെയ്യുന്നു. സ്വ... ...യപിതാവിന്റെ വചനമായ ഏകപുത്രാ! നിന്റെ രക്ഷ ...ണ്യവ്യാപാരത്തെ ഞങ്ങൾ പുകഴ്ത്തുന്നു. പരിശുദ്ധാത്മാവേ! നിന്റെ സ്തുതിപാഠകരായി ഞങ്ങളെ പൂഴിയിൽനിന്നും ഉയർത്തി തിരുസന്നിധിയിൽ നിർത്തിയിരിക്കുന്നതിനാൽ നിന്നേ ഞങ്ങൾ കീർത്തിക്കുന്നു.

ദൈവമേ! ആദ്യമനുഷ്യനായ ആദാമിനെ നീ നിർമ്മിച്ചു ഭൂമിമേൽ രാജാവായി നിയമിച്ചു. മഹിമയിൽ സന്തുഷ്ടനായി സ്വർഗ്ഗീയഭൃത്യന്മാരുടെ സഖിത്വം പാലിക്കത്തക്കവണ്ണം നീ അവനേ പറുദീസായിലാക്കിവച്ചു. എന്നാൽ അവൻ കല്പനലംഘനംമൂലം അവിടെനിന്നും നിഷ്കാസിതനായി. "ആദാമേ! നീ എവിടെയാകുന്നു" എന്നുള്ള നിന്റെ

ശബ്ദം അവൻ കേൾക്കുകയും, "കത്താവേ! നിൻെറ ശബ്ദം കേട്ടതിനാൽ ഞാൻ ഒളിച്ചിരിക്കയാകുന്നു" എന്നു അവൻ മറുപടി നല്കുകയുംചെയ്തു. ഇതുമൂലം ഏദനിലെ സൗഭാഗ്യാവസ്ഥയിൽ വസിക്കുവാൻ കഴിയാതെ അവൻ പറുദീസായിൽനിന്നും മുള്ളും പറക്കാരയുംനിറഞ്ഞ ഭൂമിയിലേക്കു പോകേണ്ടതായി വരുകയുംചെയ്തു. ഈവിധത്തിൽ ക്ലേശഭൂയിഷ്ഠമായ ലോകജീവിതത്തിൽ പ്രവേശിച്ചുപോയ മനുഷ്യവർഗ്ഗത്തിനു ജീവൻെറ മാർഗ്ഗം കാണിച്ചുകൊടുക്കുവാൻവേണ്ടി നിൻെറ നിത്യവചനമായ ഏകപുത്രനേ നീ നിയോഗിച്ചു. അവൻ പാപമെന്യേ മനുഷ്യജീവിതത്തിലെ എല്ലാ അനുഭവങ്ങളെയും സ്വയം സ്വീകരിച്ച്, സാക്ഷാൽ മനുഷ്യനായി ലോകത്തിൽ വ്യാപരിച്ചു. മനുഷ്യപാപം വരുത്തിവച്ച ക്ലേശങ്ങളും ദു:സ്ഥിതിയും അനുഭവിക്കുവാനായി അവൻ വെള്ളിയാഴ്ചദിവസം സ്വയം തയ്യാറായി.

പീഡാനുഭവത്തിൽ അവൻ ഒരു ദുഷ്പ്രവൃത്തിക്കാരനെന്നവണ്ണം ബന്ധിക്കപ്പെട്ടുകയും ഒരു തെററുകാരനെപ്പോലെ അടിയേല്ക്കുകയുംചെയ്തു. ഒരു ബലഹീനനേപ്പോലെ അവൻ കൽത്തൂണിന്മേൽ കെട്ടപ്പെട്ടു. പീലാത്തോസിൻെറ അങ്കണത്തിൽവച്ച് അവൻ ഒരു നിസ്സാരനെന്നവണ്ണം മരണത്തിനേല്പിക്കപ്പെട്ടു. ആദ്യമനുഷ്യനായ ആദാം വെള്ളിയാഴ്ചയാകുന്ന ആറാംദിവസം സൃഷ്ടിക്കപ്പെട്ടു. യേശുമ്ശിഹായും വെള്ളിയാഴ്ച നമുക്കുവേണ്ടി പീഢയനുഭവിച്ചു നമ്മേ രക്ഷിച്ചു.

കത്താവേ! നിൻെറ തിരുസന്നിധിയിൽ കൃതജ്ഞതാപൂർവ്വം ആരാധനയർപ്പിച്ചുകൊണ്ടു വിനീതമായി പറഞ്ഞുകൊള്ളുന്നു. ദൈവമേ! നിൻെറ ന്യായവിധികൾ അപ്രമേയങ്ങളാകയാൽ നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി താഴ്ത്തപ്പെട്ടതിനാൽ നിനക്കു സ്തുതി. ഞങ്ങളേപ്രതി ജഡത്തിൽ പീഢയേററവനായ നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. ഞങ്ങൾക്കായി കബറടക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. മഹിമയോടുകൂടെ ഉയിർത്തെഴുന്നേല്ക്കുകയും ഞങ്ങളെയും പിതൃസന്നിധിയിലേക്കു നിന്നോടുകൂടെ കരേററുകയും ചെയ്തതിനാൽ നിനക്കു സ്തുതി. കത്താവേ!

നിൻെറ മനുഷ്യത്വത്തെ ഞങ്ങൾ ഏററുപറയുന്നു. നിൻെറ ദൈവത്വത്തെ ഞങ്ങൾ പുകഴ്ത്തുന്നു. നിന്നോട്ടുകൂടെ പീഢയനുഭവിക്കുവാനും, നിൻെറ ജീവിതമാതൃകയെ അനുകരിക്കുവാനും, നിൻെറ പുനരുത്ഥാനത്തിൽ സന്തോഷിക്കുവാനും, നിൻെറ ഇഷ്ടംചെയ്യുവരോട്ടുകൂടെ നിന്റെ രാജ്യാനുഭവത്തിനു അർഹരായിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിൻെറ കൃപ പ്രാപിച്ചുകൊണ്ടു്, നിൻെറ പിതാവിൻെറ തിരുഹിതാനുസരണം, പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ജീവിക്കുമാറാകണമേ.

ഹോശൊ— ...

മെൻ ആലോഹൊ .....

"ക്കുക്കോയൊ"

ക്രൂശിന്മേലേറിയീശൻ മരണത്തെ രുചിച്ചാൻ
മൃതലോകം പൂകിയവ-നതിൻകോട്ട തകർത്താൻ
തിരുരൂപമാം-നാശെ പതിതനാ-
മാദാമിനു ജീ-വൻ ദാനംചെയ്തു:
തൻ തിരുവുത്ഥാനത്തെ നമ്പീട്ടുമാദാമിൻ
സുതർ യാനംചെയ്യേണ്ടോരാക്കബറീന്നും പറുദീസ്
ഹാലേലുയ്യാ, പൂകും വഴികാട്ടി.

ബാറെക്മോർ

ദൈവസുതനാ ക്രൂശിന്മേൽ തൂക്കപ്പെട്ടപ്പോൾ
മൗലിനമിച്ചാത്മത്തെത്തൻ പിതൃപാണിയിലേകി
പാറകൾ കീറി-കല്ലറകൾ വീണ്ടു
സൃഷ്ടികളെല്ലാ-മാശ്ചര്യംപൂണ്ടു.
ദൈവസുതൻെറ വിലാവയ്യൊ കുന്തത്താൽചീന്തി
പുണ്യം ലോകത്തിനുനല്കും ജലവും ശോണിതവും
ഹാലേലുയ്യാ, പ്രവഹിച്ചതിൽനിന്നും.

"ബോത്തെദ്ഹാശൊ"

ഞങ്ങൾക്കായ് നീ......

ക്രൂശിൽ മൃതിയേ-റേറാനുച്ചത്തിൽ
ഘോഷിച്ചപ്പോൾ-ശിലകൾ വീണു.
        തീയേററതുപോൽ-കല്ലുകൾ കീറി:
ബഹുസംഭ്രമമോ-ടലറി ഭൂമി
പെൺ സിംഹംപോൽ-സൃഷ്ടികൾചീറി.

പ്രഭയോലും പൂ-ക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ-കട്ടവീഞ്ഞേകി
        റോസാപുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാ ക്രൂശകർ
മുള്ളിൻമുടി തൻ-തലയിൽ ചാത്തി.

താതാത്മാവോ-ടൊന്നായോനാം
പുത്രാ സ്തുതിതേ-പാടേററതിനാൽ
        സ്തുതിയാം താരും-സദ്വ സ്തോത്ര-
പ്പൂവിൻകുലയും-തേജോമയമാം
നിൻ മകുടത്തിൽ-ചാത്തുന്നെങ്ങൾ.

ലോകം വിധി-പ്പാൻ വന്നീടുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെ നാഥാ!

"മാർ യാക്കോബിന്റെ ബോവൂസൊ"

പീഢ ക്രൂശാൽ ......

        ദേവാ......

ലോകാധമ്മം-നീക്കും ദൈവി-കകുഞ്ഞാടേ!
ക്രൂശിൻക്ലേശം-ക്ഷമലെന്യേ-യേറേറാനാം നീ
തിന്മാ ഭീതി-യില്ലാതെങ്ങ-ളേ കാക്കേണം
സ്നേഹമാഗ്ഗേ-യാനംചെയ്യാൻ-തുണയ്ക്കേണം
ഞങ്ങളൊപ്പം-പാപദുഃഖം-പൂണ്ടോരായി
നിന്നേ പീഡി-പ്പിച്ചോരും പൂ-കട്ടെ രാജ്യേ

        ദേവാ......

ക്ലേശാതീതാ-നിന്നേ പീഢ-യ്ക്കയച്ചോനാം
നിൻ താതന്നു-സ്തുതി സ്തോത്ര-മെന്നന്നേയ്ക്കും
പീഢാ ഹീനാ-പാടേറേറാനേ-തേവന്ദനം
സ്തോത്രമാത്മാ! പീഢ, മൃത്യ-ഇല്ലാത്തോനേ!
ത്രൈപ്രഭയാ-മേകസത്ത-യാം ദൈവമേ!
നിൻ സ്നേഹത്തി-ന്നായെന്നേയ്ക്കും-കുപ്പുന്നെങ്ങൾ
ദേവാ . . . .

നാഥാ ഭൂവാ-നം നിൻപീഢ-യിൽ ക്ലേശിച്ചു
മാനോർ വാനോർ-നിൻതാഴ്ചയിൽ-വിസ്മയിച്ചു
ദേവാ . . .

സൂഗീസൊ

"കൽക്കുൻ ആമേ"

കള്ളന്മാരുടെ സംവാദം

1. ഭൂജാതികളേ! വന്നെത്തി
തസ്കരനാദം ശ്രദ്ധിപ്പിൻ
തന്മദ്ധ്യഗതം സംവാദം
നേരായാരാഞ്ഞീക്ഷിപ്പിൻ.

2. ക്രൂശിതനാം നാഥൻമദ്ധ്യേ
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസ്സെന്നോണം
തദ്ഛചനം നന്നായ് തൂക്കി.

3. നിഖിലേശനോടോതി ചോരൻ
നിൻ വരവിൻ നാളോക്കെന്നേ
അവ്യയരാജ്യേ കാരുണ്യം
തടവെന്യേ ഞാൻ കാണട്ടെ.

4. ഇടതുവശത്തായ് ക്രൂശേറേറാൻ
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യമാം ക്രൂശിലേറി?

5. നമ്പിയേൻ ഹാ നിന്നിഷ്ടൻ
തൻക്രൂശാൽ നാം വേർപെട്ടു.
വെണ്മണിഞ്ഞേൻ രക്തത്താൽ
ഉയരരുളീ ധൈര്യംപൂണ്ടേൻ.

6. നമ്മേപ്പോലാണികളേന്തി-
പ്പാടേല്പതു കാണുന്നില്ലേ?
രാജ്യം തരുവോനാമെങ്കിൽ
സംശയമൊഴിവാക്കട്ടെ നമ്പാം!

7. എൻകർത്താവാം തൻവാക്യം
ഏദനിലെത്താൻ താക്കോൽതാൻ
നീ തെററിപ്പോയ് തെററവനിൽ
ചൊന്നെന്നേത്തെററിക്കേണ്ടാ.

8. തരുവതിൽ നമ്മേപ്പോൽതൂക്കി-
ക്കഷ്ടത നമ്മേക്കാളേററാൻ
രാജാവെങ്കിൽ ദൂതന്മാർ
ആഗമനാൽ നീക്കും ശാപം!

9. ഈശോ പാരിൽ തരുവിന്മേൽ
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനേയേററു
തൻക്രൂശേററത്താൽവെമ്പി.

10. നിൻശ്രേഷ്ഠനെ നോക്കുന്നില്ലേ
മുതുകിൽ ചാട്ടപ്പാടോടെ
നീ മഹിമയവന്നോതുന്നു
നീ ചൊന്നതിനേയാർ നമ്പും?

11. ആദാമിൻ ശാപംപോക്കാൻ
മൺമുള്ളുകളെത്തൻമുള്ളാൽ
നീക്കിയൊരീശോ നൃപനല്ലാ-
തെങ്ങിനെയിതു ചെയ്തീട്ടും താൻ.

12. നീ ചൊന്നതുപോൽ പറുദീസാ
നമ്പിയപോലാഗതമായി!
ക്രൂശേറോനെങ്ങിനെ നിന്നേ
ഏദനിലേയ്ക്കെത്തിച്ചീട്ടും?

13. ഇവൻതൻ മരണം പാതാള-
പ്രാഗത്ഭ്യത്തെ മായിച്ചു.
നാദത്താലതിനെ വീഴ്ത്തി
ധൂളിപ്പാൻ താനുൾപ്പുകം.

14. ഞെങ്ങിഞെരുങ്ങിപ്പാടേറേറാൻ
കൈപ്പുകുടിച്ചോൻ കുത്തേറേറാൻ
കഷ്ടതയിൽവെമ്പുന്നോനെ-
യെങ്ങിനെ രാജാവെന്നോതും

15. പാറകൾപിളരും നാദത്തെ
ശ്രദ്ധാപൂർവ്വം കേട്ടാലും
സൃഷ്ടികളവനെ സാക്ഷിപ്പു
എന്തിന്നവിശ്വാസം തോഴാ?

16. ഏററുപറഞ്ഞേതദൻ താനൊ-
ത്തവനേറിട്ടമെന്നോതുകയാൽ
നാഥാ! നിന്നേയേററോരാം
ഞങ്ങളെ വരവിൻനാളോക്ക.

ഏവൻഗേലിയോൻ

കൗമാ: മുതിയാ-ലടിയാരുടെ മുതി
പോ-ക്കിയ മ്ശിഹാ!
മുതരാ-യോക്കയിരും
ഞങ്ങ-ൾക്കരുൾ കൃപയും.
നാഥാ തേ സ്തുതിയും... —
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

സ്ലീബാവന്ദനവിൻെറ ക്രമം

പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ! നിൻെറ പരിശുദ്ധ ക്രൂശിന്മേൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിച്ചുകൊണ്ടു്, ദൈവോചിതമായ വിശുദ്ധിയിൽ നിന്നേ ഞങ്ങൾ ആരാധിക്കുമാറാകണമേ. ഭൂമിയിലുള്ള ഞങ്ങളുടെ അവയവങ്ങളെ സദാ നിഹനിച്ചുകൊണ്ടു ശ്രേഷ്ഠമായ നിന്റെ കല്പനാനുസരണം ക്രിസ്തീയമായി ഞങ്ങൾ അതിനെ തോളുകളിന്മേൽ വഹിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിൻെറ ക്രൂശിനെ വണങ്ങുകയും നിൻെറ പരിശുദ്ധ നാമത്തേ ഏററു പറയുകയുംചെയ്യുന്നവർക്കായി നീ പ്രതിഫലം നല്കുന്ന നിന്റെ സ്വർഗ്ഗത്തിൽനിന്നുള്ള മഹദ് പ്രത്യക്ഷതയേയും അനുഗ്രഹീതമായ പ്രത്യാശയേയും പ്രതീക്ഷിച്ചുകൊണ്ടു്, പൂർണ്ണദൈവാശ്രയത്തിൽ, യഥാർത്ഥ ജീവനാകുന്ന നിന്നിൽ ഞങ്ങൾ ജീവിക്കുമാറാകണമേ.

മോറാൻ......

"ഏമൊ ദ്കീസൊ"

സീയോനിൽ-തരുവിൽ ക്രൂശേറേറാ-നേ!
സ്ലീബായാൽ ലോ-കം രക്ഷിച്ചോ-നേ!
ദേവാ ദയചെയ്തീടണമേ.
സീയോനിൽ–തരുവിൽ ജീവരവ-ത്താൽ
സൃഷ്ടിഗണത്തേ-കമ്പിപ്പിച്ചോ–നേ!
ദേവാ......

കൈയ്യും കാ–ടിയുമുൾക്കൊണ്ടടിയാർ–തൻ
കഷ്ടതയിൻ കൈ-യ്യിനെമായിച്ചോ–നേ!
ദേവാ......

വിഗ്രഹവ-ന്ദനയിൽനിന്നും ന-മ്മേ
കാത്തൊരു സ്ലീ-ബായേ വന്ദിച്ചീ-ടാം
ദേവാ……

ബാറെക്‌മോർ.

സ്തുതി താതാ!-പഴകിയരൂപം കാ-പ്പാൻ
ഏകാത്മ-ജനേ പ്രേഷിപ്പിച്ചോനേ!
ദേവാ……

സങ്കീർത്തനം ഇടവിട്ട്

"ബ്സുൽത്തൊയെൽദാസ് ദ്രമോറോ"

എന്ന രാഗം

എൻെറ ദൈവമേ! എൻെറ ദൈവമേ! എന്നേ നീ കൈവിട്ടതു് എന്തു്?

ഗോഗുൽത്തായിൽ—സോദരരേ!
ദ-ർശിച്ച മഹാശ്ചര്യത്താൽ ഞാൻ സംഭ്രമമാന്നു.
ദൈവം—തരുവിൽ ക്രൂശിതനായ്
ദൃഷ്ടി ദോഷികളീന്നേല്ക്കുന്നു.
വി-ണ്ണോരേ! മണ്മയരേ! തന്നെ വാഴ്ത്തിൻ നിത്യം.

ദൈവമേ! പകൽസമയത്തു ഞാൻ നിന്നെ വിളിക്കും.

സ്ലീബാത്തരുവിൽ-വചനമതാം
ദൈവം-വിരിവാന്നതിനാലതുപാരം ധ-ന്യം.
നാമതിനാൽ വന്ദിച്ചീട്ടു-ന്നാശയുമഭയവുമാം തന്നെ
ആ-ർത്തീടാൻ ചൊന്നോനാംതന്നെ വാഴ്ത്തിൻനിത്യം.

എൻെറ കൈകളും എൻെറ കാലുകളും അവർ കുത്തി തുളച്ചു.

കർത്താവേ! നിൻ-സ്ലീബായേ
ക്ലുപ്തി-ക്കീർത്തിച്ചതിൽ ഞങ്ങൾ ശരണം തേടു-ന്നു.
ദോഷിയിൽനിന്നും രക്ഷിപ്പാൻ-മുദ്രന്നതിനെ
ലലാടത്തിൽ
സ്ലീ-ബായിൽ ക്രൂശിതനാംതന്നെ വാഴ്ത്തിൻ നിത്യം.

അവർ എന്നേ സൂക്ഷിച്ചുനോക്കി.

വന്ദിക്കുക നാം-സ്ലീബായേ
ബിം-ബാരാധനയെ നീക്കിത്തടവെന്യേ
യാനം ചെയ്യാൻ.
ജീവപഥത്തേക്കാട്ടിയതാം-സ്ലീബായെ
ക്കൊണ്ടാടീടാം.
ഘോ-ഷിക്കാം സവ്വരുമേ! തന്നെ വാഴ്ത്തിൻനിത്യം.

കത്താവേ! എന്നിൽനിന്നും നീ അകന്നിരിക്കരുതെ.

വന്ദിക്കുന്നോ-ക്കായുധവും
കോ-ട്ടയുമായും ക്രൂശതിനെത്തള്ളു-ന്നോ-
ക്കെല്ലാമതിവീഴ്ചയുമായും-സ്ലീബായെ
ത്തീർത്തോൻ ധന്യൻ
ത-ന്നാഗമനേ ഹിതമല്ലാതവർ തന്നെക്കൊണ്ടാടീട്ടും.

മറിയാം പറഞ്ഞതെന്തെന്നാൽ.......

"ലേക്‌ഫായൊ" എന്ന രാഗം

ദേവേശാ! മ്ശിഹായേ!
സ്ലീബാതൻ തരുവിന്മേൽ നീ
ക്രൂശിതനായപ്പോൾ ഭുവനത്തേ സീ-മകളോളം
ശോഭിപ്പിച്ചതിനാൽ-സ്തോത്രം.

രക്ഷകനേ! സ്ലീബായാൽ
ദോഷമെഴും ദോഷിയെവെന്നു
സ്വർഗ്ഗമഹാരാജ്യവുമുയിരും നേ-ടീട്ടടിയാർ
നിൻ കൃപയെ സ്തോത്രം-ചെയ്യും.

ദേവേശാ! മ്ശിഹായേ!
വിഗ്രഹസേവ ദുരാത്മഭയം
എന്നിവയിൽ നിന്നടിയങ്ങളെ ര-ക്ഷിച്ചതിനാൽ
നിൻ സ്ലീബായെ നമിക്കുന്നു.

ബാറെക്‌മോർ.

ഉന്നതനാം-ദേവേശാ!
സ്വർഗ്ഗസ്ഥാ!-കൃപയാൽ സഭയിൽ
പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ-പിച്ചോനേ!
പരിശുദ്ധൻ നീ എ—ന്നേക്കും.

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി.

"യൗമോനോ അർക്കെൻ"

ഇ-ന്നാൾ വിധി ഗേഹേ
ജ-ഗതീ വിധിനാഥൻ
മൗ-ലി നമിച്ചേററാൻ
കു-ററം ദാസൻപോൽ.

ഇ-ന്നാൾ യൂദന്മാർ
വ-ർഷിച്ചീശോയാം
ദൈ-വത്തിൻ മുമ്പിൽ
നി-ന്ദായാക്ഷേപങ്ങൾ.

ഇ-ന്നാൾ നിർമ്മിച്ചാർ
മുൾ-മുടി മന്നിതിനേ
പൂ-വല്ലികളാലെ
ഭൂ-ഷിപ്പിച്ചോനായ്.

ഇ-ന്നാൾ വിധിചെയ്താർ
ദു-ഷ്ടനെയെന്നോണം
രാ-ജാക്കന്മാർക്കായ്
ന്യാ-യം തീർപ്പോനേ

ഇ-ന്നാൾ ഘോഷിച്ചാ-
രീ-ശോമ്ശിഹായെ
ക്രൂ-ശിക്കെന്നേവം
പീ-ലാത്തോസോടായ്

ഇ-ന്നാൾ തലതാഴ്ത്തി
മൂ-ർത്തി താനേററതിനാൽ
മൂ-ർത്തരായോർക്കെല്ലാം
ഉ-യിരേകീടുന്നു.

ഇ–ന്നാൾ മാതാവാം
മ–റിയാമൊട്ടു ചൊന്നാൻ
കേ–ഴേണ്ടാ കേഴൂ
യേ–രുശലേമിന്നായ്.
ബാറെക്മോർ.

ഇ–ന്നാൾ സ്ലീബായെ
വാ–ഴ്ത്തി നമിച്ചീടാം
ക്രൂ–ശിതനെന്നെയെന്നും
വാ–ഴ്ത്തുന്നടിയങ്ങൾ.

ആത്മാവിൽ ദരിദ്രരായവർ......

ദേ–വാ മ്ശിഹാ-
മാനവരെ സംര–ക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ–
ന്നേററൊരു തിരുമെയ്യൊട്ടുകൂടി
സ്ലീബായിന്മേൽ നീ–യേറി.

സ്ലീ–ബാത്തരുവിൽ–
ക്രൂശിതനാം ചോരൻ–നിന്നേ
ഉടയോനെന്നിഹ കൊണ്ടാടി
നീയാഗതനായിട്ടുമ്പോ–
ളെന്നേയോക്കണമെ–ന്നാർത്താൻ.

ദേ–വാ മ്ശിഹാ-
രക്ഷയെഴും സ്ലീബാ–യാലും
ജീവദമാം പീഢകളാലും
രക്ഷതരർക്കരുളീട്ടുകയാൽ
മാനവവത്സലനേ–സ്തോത്രം.

ദേ–വാ മ്ശിഹാ-
പ്രാണദമാം നിൻ സ്ലീ–ബായാൽ
ദോഷമെഴും ദോഷിയെ വീഴ്ത്തി
പ്പാപത്തിൻ ദാസ്യത്തിൽ നി–
ന്നാദാമ്യരെ നീ ര–ക്ഷിച്ചു.

(മറെറാന്നു്)

"മൊഹ്നീഗൊവൊസ് ശോസൊ"

ആസമയം ദയനീ-യം
വിട്ടു-മ്ശിഹാ പുരിയൂ-റിശ്ലേം
രോഗങ്ങളെയങ്ങാററിയതിൻപകരം തന്നെ-
ക്രൂ-ശിച്ചീ-ടാൻ-കൊണ്ടിഹപോയി-ധൂഷ്ടന്മാർ.

ആ നാദം ദയനീ-യം
ഏകാ-ത്മജനോടാകുലപൂ-ർവ്വം
ചൊന്നാൽ മറിയാം വത്സലനേ! പോകുന്നെവിടെ-
നി-ന്നേയെ-ങ്ങോ-ട്ടവർകൊണ്ടിഹ പോയീ-ടുന്നു.

ഹാ ബഹു മോഹന നാ-ദം
ജന-നിയോടോതി ദൈവതനൂ-ജൻ
ജഗതീരക്ഷയ്ക്കായ് ക്രൂശേററാദാമിന്നായ്-
ഓ-ഹരി-യേകാൻ-പോകുന്നേനെൻ മാ-താവേ.

ആ സമയം ദയനീ-യം
തരു-വിന്മീതെ തന്നെ തൂ-ക്കി
മ്ശിഹായെങ്കിലിറങ്ങുക നീ ഞങ്ങൾ നിന്നേ-
ന-മ്പീടാ-മെന്നാക്ഷേപിച്ചു-യൂദന്മാർ

തിരുസഭ സങ്കടപൂ-ർവ്വം
ദേവ-നോടത്ഥിച്ചോതു-ന്നേവം
ഞങ്ങളെ മഹിതസ്ലീബായാൽ നീ രക്ഷിച്ചു
നിൻ-വരവി-ങ്കൽ ഓത്തീടണമെന്നേ നാ-ഥാ.

രക്ഷകനേ കബറീ-ന്നും
പറു-ദീസയിലേയ്ക്കുയിരോടേ-റാൻ
പാക്കുന്ന മൃതക്കായ് പുണ്യംനല്കീടണമേ-
സാ-ത്താനീ-ന്നും ഞങ്ങളെ വീണ്ടോരു സ്ലീബായാൽ
ബാറെക്മോർ.

ബഹുമാന്യ മഹൽ സ്ലീ-ബാ
നഷ്ടമതാം പറുദീസയിൽ ഞ-ങ്ങൾ
നിന്നാലേറിട്ടമെന്നോതി പ്രണമിച്ചിട്ടാ-
ക്രൂ-ശേറേറാ-നാം മ്ശിഹായെ സ്തുതിചെയ്യു-ന്നു.

പ്രൊമ്യോൻ

മരത്തിൽ തൂക്കപ്പെട്ടുകയും തൃക്കൈനീട്ടി യഹൂദരെയും അയഹൂദരെയും ഒരുമിച്ചു ചേക്കുകയും ചെയ്ത സ്വർഗ്ഗീയ സമാധാനവും; ക്രൂശാരോഹണത്താൽ നാനാദേശങ്ങളിൽ നിന്നും ശരിയായ ആരാധനയും സത്യമതാവലംബനവും സ്വീകരിച്ച ജഡധാരണം ചെയ്ത കത്താവും; ആട്ടുകൾക്കു വേണ്ടിയുള്ള താല്പയ്യപ്രകടനംമൂലം നല്ല ഇടയനായി വ്യക്തമാക്കുകയും, കരുണാതിരേകത്തെ സ്വന്ത ആട്ടിൻപററത്തിനു വേണ്ടി സ്വയം നല്കിയതുമൂലം സ്ഥിരീകരിക്കുകയും, സർവ്വജാതികളെയും ധൈയ്യപൂവ്വം രക്ഷിക്കുകയും, തിരുബലിമൂലം എല്ലാവരുടെയും പാപം മോചിക്കുകയും ചെയ്ത സത്യഇടയനമായ കത്താവേ! നിനക്കു സ്തുതി. സ്ലീബാവന്ദനവിന്റെ ഈ സമയത്തും......

സെദ്രൊ

തിരുരൂപത്തിൽ ഞങ്ങളെ നിർമ്മിക്കുകയും, തിരുസാദൃശ്യത്തിൽ ഞങ്ങളെ ഉളവാക്കുകയും ചെയ്ത മഹോന്നതനായ ദൈവമേ! നിത്യനായ നിന്നേ ഞങ്ങൾ ആരാധിക്കുന്നു. നിനക്കു ഞങ്ങൾ സ്തോത്രവും കീത്തനവും അർപ്പിക്കുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനായ നിന്നേ, ഈ വെള്ളിയാഴ്ച ദിവസം നിന്റെ ക്രൂശാൽ ഞങ്ങളെ ജീവിപ്പിക്കുകയും നിന്റെ മരണത്താൽ ഞങ്ങൾക്കു സ്വാതന്ത്ര്യം നല്കുകയും ചെയ്ത നിന്റെ രക്ഷയേപ്രതി ഞങ്ങൾ സ്തുതിക്കുന്നു. ആദിയിൽ ആറാംദിവസം നിന്റെ തിരുവിഷ്ടത്താൽ ഞങ്ങളെ നീ സൃഷ്ടിച്ചു. ഭൂമിയിൽനിന്നുള്ള മണ്ണുകൊണ്ടു നിന്റെ രൂപത്തിൽ മനുഷ്യനേ നീ നിർമ്മിച്ച് അവന്റെ മുഖത്തു ജീവശ്വാസം ഊതി. അവൻ രൂപഭംഗിയിലും ജ്ഞാനത്തിലും തികഞ്ഞ ഒരത്ഭുതജീവിയായി ഭവിക്കുകയുംചെയ്തു. എന്നാൽ അവൻ ബുദ്ധിഹീനതയാൽ തത്ത്വത്തെ അവഗണിക്കുകയും തന്മൂലം മരണത്തിൽ പതിക്കുകയുംചെയ്തു. അതിനുശേഷം, കാരുണ്യവാനും ദയാപൂണ്ണനുമായ കത്താവേ! നീ അവന്റെ നാശാവസ്ഥയിൽ അവന്റെ നേരേ അനുകമ്പ പ്രകടിപ്പിച്ചു.

വെള്ളിയാഴ്ചദിവസത്തിൽത്തന്നെ അവൻെറ രക്ഷയെപ്രതി ക്രൂശിന്മേൽ നിൻെറ കൈകാലുകൾ ആണികളാൽ തുളെക്കപ്പെട്ടു. ക്രൂശകരുടെ അശുദ്ധമായ തുപ്പൽ നിൻെറ മുഖത്തു വർഷിക്കപ്പെട്ടു. മനുഷ്യന്ന് ജീവൻ നല്കുവാനായി നിൻെറ വിലാവിൽ കുന്തംകൊണ്ടുള്ള കുത്തു നീയേററു. അവിടെ നിന്നുമൊഴുകിയ രക്തവും വെള്ളവുംമൂലം അവൻ പുതിയ ജീവൻ പ്രാപിച്ചു നവത്വം കൈക്കൊണ്ടു.

കത്താവേ! രക്ഷാകരമായ നിൻെറ പീഢാനുഭവത്തിൻെറ ഈ വെള്ളിയാഴ്ചദിവസം, ജീവപ്രദമായ നിൻെറ ക്രൂശിൻെറ ഓർമ്മ നിവ്വഹിക്കപ്പെടുന്ന ഈ സമയത്തു്, സൗരഭ്യധൂപം നിനക്കണച്ചുകൊണ്ടു്, നിന്റെ സഭ അതിന്റെ മക്കൾവഴി നിന്നോടു പ്രാത്ഥിച്ചുകൊള്ളുന്നു. ആദിയിൽ നീ സ്നേഹപൂവ്വം സൃഷ്ടിക്കുകയും, അവസാനത്തിൽ രക്ഷിച്ചു ജീവിപ്പിക്കുകയും ചെയ്യുപ്രകാരം, നിൻെറ കരുണയാൽ നിന്റെ സൃഷ്ടിയെ ദർശിക്കണമേ. നിൻെറ ക്രൂശാൽ ഭൂതലം മുഴുവനും സഹായം നല്കണമേ. നിൻെറ ക്രൂശാൽ കോപത്തെ കടത്തിക്കളയുകയും, യുദ്ധങ്ങളെ നീക്കുകയും, കലഹങ്ങളെ ഒതുക്കുകയും, ശിക്ഷകളെ തടയുകയും, ക്ഷുഭിതരെ ശാന്തരാക്കുകയും ചെയ്യണമേ. നിൻെറ സ്ലീബായാൽ കലഹിച്ചിരിക്കുന്നവരേ ശാന്തതപ്പെടുത്തുകയും, ഡംഭിനെ വിനീതമാക്കുകയും, നിഗളത്തെ ഉന്മൂലനം ചെയ്യുകയും, ശത്രുതയെ മായിക്കുകയും, വൈരസ്യത്തെ ശമിപ്പിക്കുകയും ചെയ്യണമേ. നിൻെറ സ്ലീബായാൽ തിന്മയുടെ ശക്തിയെ നിയന്ത്രിക്കണമേ. നിൻെറ സ്ലീബായാൽ പള്ളികളെയും ദയറാകളെയും സംസ്ഥാപിക്കുകയും, വൈദികരെ പ്രശോഭിതരാക്കുകയും, വൃദ്ധന്മാരെ താങ്ങുകയും, യുവാക്കളെ നയിക്കുകയും, ശിശുക്കളെ വളത്തുകയുംചെയ്യണമേ. നിന്റെ സ്ലീബായാൽ പാപികൾക്കു മോചനവും, തെററുചെയ്യുവക്കു ക്ഷമയും, നല്കണമേ. കത്താവേ! നിൻെറ സ്ലീബായാൽ, നിന്നേ ആരാധിക്കുകയും, നിൻെറ പീഢാനുഭവത്തെ ബഹുമാനിക്കുകയും, നിൻെറ മുറിവുകളെ തഴുകുകയും, നിൻെറ വ്രണങ്ങളെ ആശ്ലേഷിക്കുകയും, നിൻെറ ക്രൂശിൽ പ്രശംസിക്കുകയും ചെയ്യുന്ന ഈ ഇടവകയെ ക്രമീകരിക്കണമേ. ഞങ്ങളെയും നിൻെറ ജനം

മുഴവനെയും രക്ഷിക്കണമേ. നിൻെറ വാഗ്ദത്തങ്ങൾ ഞങ്ങൾക്കു നിറവേററിത്തരണമേ. നിൻെറ മഹനീയ പുനരുത്ഥാനമുഖപ്രസന്നതയോടു പ്രാപിക്കത്തക്കവണ്ണം ഞങ്ങളെ എല്ലാവരെയും നിൻെറ ഉയിർപ്പാൽ സന്ദർശിക്കുമാറാകണമേ. നിൻെറ രാജ്യത്തിൽ ഞങ്ങൾ അവകാശികളായി തീരണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും അനവരതം സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമേ.

ഹോശൊ......

മെൻ ആലോഹൊ......

"ക്കുക്കോയൊ"

ദൈവതനൂജൻ ക്രൂശിന്മേൽ-സ്വയമർപ്പിച്ചേകി
ലോകാധിപനാം താതൻ തൻ-തൃക്കൈകളിലാത്മം.
കബറുകൾപൊട്ടി—പാറകളും ചിതറി:
സൃഷ്ടികളെല്ലാം—സംഭ്രമമതിലാണ്ടു:
ദൈവസുതൻെറ വിലാവയ്യോ-കുന്തത്താൽ ചീന്തി
മോചനമൂലകത്തിനു നല്ലം—ജലവും രക്തമതും
ഹാലേലുയ്യാ-പ്രവഹിച്ചതിൽനിന്നും.
ബാറെക്മോർ.

ഞങ്ങൾക്കായ് വൃക്ഷത്തിന്മേൽ തൂക്കപ്പെട്ടവനാം
ലോകത്തിൻപ്രഭയാ മിശോ നിൻ ക്രൂശിൻമുമ്പിൽ
ആത്മശരീര-മനസ്സുകളെ ഞങ്ങൾ:
കാഴ്ചയതായി-ട്ടർപ്പിക്കുന്നിതാ:
നാഥാ നിൻ കാരുണ്യത്താലവയെ കൈക്കൊണ്ടു
നിന്നടിയാരായ് ലോകത്തിലെന്നും ജീവിപ്പാൻ
ഹാലേലുയ്യാ-കൃപ നല്കീടണമേ.

"മാർ അഫ്രേമിൻെറ ബോവൂസൊ"

നാഥാ ഞങ്ങൾക്കായുള്ള......
ദേവാ ദയ......

മറിയാം തരുസവിധേചെന്നു
ഗോഗുൽത്തായിൽ തലതാങ്ങി
സങ്കട ദയനീയ ധ്വനിയോ-
ടേകാത്മജനെപ്രതി കേണാൾ
തരുവിൽ തൂക്കിയ സുതനെക്ക-
ണ്ടതിദുഃഖം കണ്ണീർചിന്തി
ഇടറിയ സങ്കടനാദത്തോ-
ടെമ്പറായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു.
ദേവാ......

നിലവിളിയോടു മറിയാംചൊന്നാൾ
മൂകപ്രകൃതികളിളകുന്നു.
മകനേ! നാലതിരും ചുററി-
ത്തിരുവധമെന്ന് വിരുന്നിന്നായ്
സകലരെയും ചേർപ്പാൻ നാഥാ!
ഗുരുഡതപമെനിക്കാരേകീ
നിൻ കബറേററത്താലിന്നാൾ
കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഃഖം
രക്ഷിതസഭയിലാനന്ദം
നിൻകല്ലറ മണവറതുല്യം
മകനേ! നീയതിൽ മണവാളൻ
മൃതിപൂണ്ടോർ തോഴന്മാരായ്
വാനവരൊപ്പം വാഴുന്നു.
ദേവാ......

പാപത്താൽ ഹതരാം ഞങ്ങൾ
നിൻ ക്രൂശാൽ പരിരക്ഷിതരായ്
ജീവനിലെത്തിക്കും മാർഗ്ഗം
ഞങ്ങൾക്കായ് വെളിവാക്കിയതാം
നിൻ ക്ലേശത്തേ ബാഹ്യമായി
വണ്ണിച്ചത്ഥം കാണാതെ-
യാത്മീയമായി ദർശിപ്പാൻ
നാഥാ! നല്കുക നയനങ്ങൾ.

ക്രൂശിൽ നീയുദ്ഘോഷിച്ച
ത്യാഗത്തിലധിഷ്ഠിതമാം
ശ്രേഷ്ഠമാർഗ്ഗം കണ്ടെത്തി-
യതിൽ യാത്രംചെയ്യന്നും
നിൻ ദാസരായ് ജീവിപ്പാൻ
ഞങ്ങൾക്കേകുക നിൻ-ശക്തി
ദേവാ......

വാനവുമാഴവുമേല്ലുമ്പോൾ
തരുവേററോനേ! തേ സ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ
കബറിലമന്നോനേ സ്തോത്രം
നിൻ ക്രൂശാൽ പരിരക്ഷിതരാം
സൃഷ്ടികളിൽനിന്നും സ്തോത്രം
നിൻ പ്രഭയങ്ങുപരന്നതിനാൽ
മൂവുലോകം വാഴ്ത്തുംനിന്നേ
നിൻ ക്രൂശിന്നാഘോഷത്താൽ
നാലുതിരും വാഴ്ത്തുംനിന്നേ
ആയിരമൊട്ടു പതിനായിരമ-
വനിന്നേ സ്തുതിചെയ്യുന്നു.
നിനക്കും പ്രേഷക താതന്നും
പരിശുദ്ധാത്മന്നും-സ്തോത്രം
ദേവാ......

നാഥാ! ഞെങ്ങൾക്കായുള്ള ....
ദേവാ......

വേദപുസ്തക വായനകൾ

ആദ്യപുസ്തകം	22:1–14
പുറപ്പാട്	17:8–16
ഏശായാ	52:13–53:8

ഭൂവിലശേഷം......

1 പത്രോസ് 2:19–25

പൗലോസ് ശ്ലീഹാ......

ഗലാത്യർ 2:21–3:14.

ഏവൻഗേലിയോൻ

ഹാലേല്ലുയ്യാ-ഉഹാലേല്ലുയ്യാ-എന്നാടകളവർ

ഭാഗിച്ചു-എന്നങ്കിക്കായ് ചീട്ടിട്ടു

ഹാലേല്ലുയ്യാ–

വായനസ്സുശേഷം ഈ ഗീതം ചൊല്ലി

മൂന്നുപ്രാവശ്യം കുമ്പിടുന്നു.

ആ-ത്മാക്കളെ രക്ഷിച്ചൊരു
നിൻ ക്രൂശിനെ നമിച്ചെ-ങ്ങൾ
ചോ-രനോടൊപ്പം ചൊല്ലുന്നു
മ്ശിഹാ-യോക്കേങ്ങളെ നീ വന്നീ-ട്ടു-മ്പോൾ

"ആമൊ ഉ ആമേ"

ദേവാട്ടിന്റെ കുട്ടിയായിട്ടും
ഈശോമ്ശിഹാ കർത്താവേ!
രക്ഷിക്കണമേ പാപികളാ-
മീയുള്ളോരേ നിൻ ക്രൂശാൽ.

വൃദ്ധന്മാരേ താങ്ങേണമേ
അനാഥരേ പോറേറണമേ
ശിശ്രൂബാലകരേ വളർത്തേണമേ
മ്ശിഹാ നൃപനേ നിൻ ക്രൂശാൽ.

രോഗികളെ നീ സുഖമാക്കി
അവരുടെ ദുഃഖം തീർക്കേണമേ
വിധവകളേ രക്ഷിക്കേണമേ
മ്ശിഹാ നൃപനേ നിൻ ക്രൂശാൽ.

യുദന്മാരേ യോക്കേണമേ
അവരേ വേഗം ചേക്കണമേ
ജാതികളെയും കൂട്ടേണമേ
മ്ശിഹാ നൃപനേ നിൻക്രൂശാൽ.

ദരിദ്രന്മാരേ നോക്കേണമേ
അവരുടെ ദുഃഖം തീക്കേണമേ
അവരേ ദയയാൽ പോറേറണമേ
മ്ശിഹാ നൃപനേ നിൻക്രൂശാൽ.

കടലിന്നുള്ളിൽ സ്ഥിതിചെയ്യും
കപ്പൽയാത്രക്കാരേയും
വായുമാൎഗ്ഗം സഞ്ചാരം
ചെയ്യുന്നോരെയും ഓക്കേണമേ.

ഇന്നേദിവസം നിൻ ക്രൂശിൻ
മുമ്പിൽ വന്ദിക്കുന്നോരാം
എല്ലാവരെയും കാക്കേണമേ
മ്ശിഹാ നൃപനേ നിൻക്രൂശാൽ.

നിന്നിൽ പ്രത്യാശിതരായി
മൃതരാം ഞങ്ങൾക്കുള്ളോരേ
എല്ലാവരെയും ഓക്കേണമേ
മ്ശിഹാ നൃപനേ നിൻക്രൂശാൽ.

മ്ശിഹാനൃപനേ! നിനക്കു സ്തുതി
മറിയാം സുതനേ! നിനക്കു സ്തുതി
ക്രൂശേററവനേ! നിനക്കു സ്തുതി
അതിഗുണവാനേ! നിനക്കു സ്തുതി.

അമരണവാനേ! നിനക്കു സ്തുതി
നരരക്ഷകനേ! നിനക്കു സ്തുതി
കരുണാകരനേ! നിനക്കു സ്തുതി
കന്മഷഹരനേ! നിനക്കു സ്തുതി.